കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പിണറായി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - lfaddistofficeknr@gmail.com.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1419/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ - doknr.ksad@kerala.gov.in
ഫോൺ - 04972-707698
തീയ്യതി – 04.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

പിണറായി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പിണറായി ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പിണറായി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ( e-mail )
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1419/2017 തീയ്യതി : 04-10-2017

## കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റ 2016-17സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

ആമുഖം

(*1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ

പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 22.10.2016 മുതൽ 31.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.ഓഡിറ്റിന്റെ ഭാഗമായി അന്വേഷണക്കുറിപ്പുകൾ 20 എണ്ണം നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 01.08.2017 മുതൽ 09.08.2017 വരെ |

(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.രമേശൻ കാരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ,ജഗദീഷ് ചന്ദ്ര.പി.വി | ഓഡിറ്റർ |

(സി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.ഗീതമ്മ .പി.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.സുർജിത്ത് .എം | 01.04.2016 മുതൽ 08.02.2017വരെ |

| | | |
|---|---|---|
| | ശ്രീ.സി.എം.പ്രേമൻ, അസി.സെക്രട്ടറി (ചാർജ്ജ്) | 09.02.2017മുതൽ 31.03.2017 വരെ |

(ഡി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനിയർ | ശ്രീമതി.ഷൈന വത്സൻ പി | 01.04.2016.മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അജിമോൾ ഇ .കെ | 01.04.2016.മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ശ്രീധർ രാജൻ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീമതി.ശ്രീജ ബാട്ടി (എരുവട്ടി) | 01.04.2016.മുതൽ 31.03.2017 വരെ |
| | ശ്രീമതി.ശ്രീജ ബാട്ടി (പിണറായി) | 01.04.2016.മുതൽ 29.06.2016 വരെ |
| | ശ്രീ.പ്രജിത്ത് ടി പി (പിണറായി) | 30.06.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | ഡോ.ഇബ്രാഹിം കെ എം | 01.04.2016.മുതൽ 31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.സി.എം.പ്രേമൻ | 01.04.2016.മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സുശീല | 01.04.2016.മുതൽ 31.10.2016 വരെ |
| | ശ്രീമതി.രജനി.പി.വി | 01.11.2016 മുതൽ |

| | | |
|---|---|---|
| | | 31.12.2016 വരെ |
| | ശ്രീമതി.സുശീല | 01.01.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | ഡോ.സെബിന കെ | 01.04.2016.മുതൽ 25.04.2016 വരെ |
| | ഡോ.ഡിജോ ജോസ് | 26.04.2016 മുതൽ 25.05.2016 വരെ |
| | ഡോ.സെബിന കെ | 26.05.2016 മുതൽ 19.10.2016 വരെ |
| | ഡോ.ഡിജോ ജോസ് | 20.10.2016 മുതൽ 06.12.2016 വരെ |
| | ഡോ.ശ്രീകാന്ത് | 07.12.2016 മുതൽ 30.01.2017വരെ |
| | ഡോ.മംഗള | 31.01.2017മുതൽ 11.02.2017 വരെ |
| | ഡോ.ശ്രീകാന്ത് | 12.02.2017 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |

| | | | |
|---|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | ഗ്രാമ സഭ. | 1-7 | |
| 8 | ദുരിതാശ്വാസ നിധി | 1-8 | |
| 9 | മോണിറ്ററിംഗ് | 1-9 | |
| 10 | തനത് വരുമാനം | 1-10 | |
| 11 | ക്ഷേമപദ്ധതികൾ | 1-11 | |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-12 | |
| 13 | ആഭ്യന്തരനിയന്ത്രണം | 1-13 | |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-14 | |
| 15 | പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല | 1-15 | |
| | ഭാഗം 2<br>വരവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല -വരുമാന നഷ്ടം പരിശോധിക്കേണ്ടതാണ് | 2-1 | |
| 17 | അറുപത് ദിവസത്തിൽ കൂടുതൽ പഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്ത് സ്ഥലംമാറിപ്പോയ ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല | 2-2 | |

| | | | |
|---|---|---|---|
| 18 | മുഴവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നില്ല | 2-3 | |
| 19 | ഡി & ഒ ലൈസൻസ് ഫീ - അപേക്ഷകൾ അപൂർണ്ണം | 2-4 | |
| 20 | ഡി &ഒ ലൈസൻസ് അനുവദിച്ചതിലെ അപാകങ്ങൾ | 2-5 | |
| 21 | ഡി & ഒ ലൈസൻസ് ഫീ അപാകതകൾ -ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കിയിട്ടില്ല | 2-6 | |
| 22 | വസ്തുനികുതി നിർണ്ണയം - അപാകതകൾ | 2-7 | |
| 23 | വിമുക്തഭടൻമാർക്ക് വസ്തു നികുതി ഇളവ് - സമയപരിധിക്കുള്ളിൽ അപേക്ഷ നൽകാത്തവർക്കും ഇളവ് നൽകുന്നു | 2-8 | |
| 24 | വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല | 2-9 | |
| 25 | അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 2-10 | |
| | ഭാഗം 3<br>ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 26 | ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് -രശീതിബുക്ക് ഉപയോഗിക്കുന്നത് ക്രമപ്രകാരമല്ല 2,45,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-1 | |
| 27 | മൃഗാശുപത്രിക്ക് ഫർണിച്ചർ - നിർവ്വഹണത്തിൽ അപാകങ്ങൾ - 24950/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-2 | |
| 28 | മൃഗാശുപത്രിയിലേക്ക് ഇൻവേർട്ടർ വാങ്ങൽ - നിർവ്വഹണത്തിലും നടപടിക്രമങ്ങളിലും വീഴ്ച - 40,000/- തടസ്സപ്പെടുത്തുന്നു | 3-3 | |

| | | | |
|---|---|---|---|
| 29 | ഫണ്ട് വിനിയോഗത്തിൽ പുരോഗതി കൈവരിച്ചില്ല -പാഴായ പദ്ധതിപ്പണം 78.07 ലക്ഷം രൂപ | 3-4 | |
| 30 | ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 3-5 | |
| 31 | അധികം നൽകിയ റിടെൻഷൻ തുക ശീർഷകം മാറി തിരിച്ചടച്ചു | 3-6 | |
| 32 | ഇ ടെണ്ടർ- ടെണ്ടർഫീസിനത്തിൽ ലഭിക്കേണ്ടുന്ന തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചില്ല | 3-7 | |
| 33 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം -സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫൈബർ കസേര വാങ്ങി നൽകി - ചെലവ് ₹39102 തടസ്സപ്പെടുത്തുന്നു. | 3-8 | |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കൽ -സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചില്ല – ചെലവ് തുക ₹400000 തടസ്സപ്പെയുത്തുന്നു | 3-9 | |
| 35 | ഹോമിയോ ഡിസ്പെൻസറിയിൽ മരുന്ന് വാങ്ങൽ -- മരുന്ന് ലഭ്യമായില്ല | 3-10 | |
| 36 | ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ - ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. | 3-11 | |
| 37 | ഡെപ്പോസിറ്റ് വർക്കുകൾ / വിഹിതം നൽകൽ വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 3-12 | |
| 38 | സ്കൂൾ വിദ്യാർഥികൾക്ക് കളരി,യോഗ പരിശീലനം -ഭക്ഷണചെലവ് ക്വട്ടേഷൻ / ടെണ്ടർ,സബ് വൗച്ചറുകൾ എന്നിവ ഹാജരാക്കിയില്ല- ₹86400 തടസ്സപ്പെടുത്തുന്നു. | 3-13 | |

| | | | |
|---|---|---|---|
| 39 | വെള്ളക്കരം ഒടുക്ക് - മെയിന്റനൻസ് ഫണ്ട് (റോഡിതരം) വിനിയോഗിക്കുന്നത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം | 3-14 | |
| 40 | പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് (വനിത)-- അംഗീകാരമില്ലാത്ത ഗുണഭോക്തൃ പട്ടിക പ്രകാരം ആനുകൂല്യം നൽകി / അധിക സബ്സിഡി അനുവദിച്ചു | 3-15 | |
| 41 | പച്ചക്കറി കൃഷിക്ക് ഗ്രോബാഗ്-- അധിക സബ്സിഡി അനുവദിച്ച ₹3094 അംഗീകരിക്കുന്നില്ല | 3-16 | |
| 42 | തരിശുഭൂമി പച്ചക്കറി കൃഷി- ചെലവ് രേഖകൾ ഹാജരാക്കിയില്ല ₹35000/- തടസ്സപ്പെടുത്തുന്നു. | 3-17 | |
| 43 | സബ്സിഡി തുക ചെലവഴിക്കാതെ കൃഷി ഓഫീസറുടെ സ്പെഷ്യൽ. ടി.എസ്.പി അക്കൗണ്ടിൽ ബാക്കി കിടക്കുന്നു | 3-18 | |
| 44 | മഴക്കാല പൂർവ്വ ശുചീകരണം - സമയബന്ധിതമായി നടപ്പിലാക്കിയില്ല ചെലവ് തുക ₹195000 തടസ്സപ്പെടുത്തുന്നു. | 3-19 | |
| | ഭാഗം4<br>പൊതുവിവരങ്ങളുംഓഡിറ്റ് പ്രത്യവലോകനവും | | |
| 45 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 46 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 48 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 49 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 50 | ഓഡിറ്റ് റിക്കവറി | 4-6 | |

| | | | |
|---|---|---|---|
| 51 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 52 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 53 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 54 | അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | - | |
| 55 | അനുബന്ധം 2 ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ് | - | |
| 56 | അനുബന്ധം 3 റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ് | - | |
| 57 | അനുബന്ധം 4 ബാലൻസ് ഷീറ്റ് | - | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

03.03.2016 തീയ്യതിയിലെ 30/16നം.തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിച്ച ബജറ്റിന്റെ വിവരം താഴെ ചേർക്കുന്നു.

| | ഒറിജിനൽ | റിവൈസ്ഡ് | യഥാർത്ഥ വരവ് |
|---|---|---|---|
| മുന്നിരിപ്പ് | 12300000 | 18897174.75 | 22272801.95 |
| വരവ് | 77700000 | 109578000.00 | 47565444.00 |
| ആകെ | 90000000 | 128475174.75 | 69838245.95 |
| ചെലവ് | 87007000 | 116175174.00 | 50008552.00 |
| നീക്കിയിരിപ്പ് | 2993000 | 12300000.75 | 19829693.95 |

ഗ്രാമ പഞ്ചായത്തിന്റെ യഥാർത്ഥ വരവും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും റിവൈസ്ഡ് ബജറ്റും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. പഞ്ചായത്ത് അംഗീകരിച്ച ഒറിജിനൽ ബജറ്റിൽ നിന്നും വ്യത്യസ്ഥമായാണ് വിശദമായ ബജറ്റ് സ്റ്റേറ്റ്മെന്റിൽ തൻവർഷത്തെ പ്രതീക്ഷിത വരവും ചെലവും ചേർത്തിട്ടുള്ളത്.തയ്യാറാക്കിയ വിശദമായ ബജറ്റ് സ്റ്റേറ്റ്മെന്റിൽ ആകെ വരവ് 73825000/-രൂപയും ചെലവ് 83132000/-എന്നാണ് ചേർത്തിട്ടുള്ളത്. പഞ്ചായത്ത് അംഗീകരിച്ച ബജറ്റ് പ്രകാരം ആകെ വരവ് 77700000/-രൂപയും ചെലവ് 87007000/-രൂപയുമാണ്.റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയതല്ലാതെ ഭരണസമിതി അംഗീകരിച്ചതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.യഥാർത്ഥവരവുമായി പൊരുത്തപ്പെടാത്ത രീതിയിലാണ് ബജറ്റിലെ പല ഇനങ്ങളും തയ്യാറാക്കിയിട്ടുള്ളത്.വസ്തു നികുതി,തൊഴിൽ നികുതി,വാടക എന്നിവയുടെ പ്രതീക്ഷിത

വരവും യഥാർത്ഥ വരവും തമ്മിൽ വളരെയധികം അന്തരം നിലനിൽക്കുന്നു. ബജറ്റ് വ്യതിയാനത്തിന്റെചില ഉദാഹരണങ്ങൾ താഴെ കാണിക്കുന്നു.

| ക്രമ നം. | നികുതി ഇനം | ബജറ്റ് പ്രകാരം വരവ് | യഥാർത്ഥ വരവ് |
|---|---|---|---|
| 1 | വസ്തു നികുതി | 3500000 | 2092651 |
| 2 | സേവനനികുതി | 100000 | 46569 |
| 3 | തൊഴിൽ നികുതി | 1800000 | 1478350 |
| 4 | വാടക | 125000 | 53157 |
| 5 | ലൈസൻസ് ഫീസ് | 122000 | 71300 |

ബജറ്റ് തയ്യാറാക്കുമ്പോൾ കുറേക്കൂടി സൂക്ഷ്മതയും ജാഗ്രതയും ഉണ്ടാവേണ്ടതും അവ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതുമാണ്.ബജറ്റ് തയ്യാറാക്കിയതിലെ പൊരുത്തക്കേടിന് വിശദീകരണം നൽകേണ്ടതായുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.07.2017 | 31.05.2017 | തിരിച്ചയച്ചിട്ടില്ല. | തിരിച്ചയച്ചിട്ടില്ല. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|---|
| 2016-17 | 13.07.2017 മുതൽ 14.07.2017 വരെ | വിശേഷണങ്ങളോട് കൂടിയത് | KSA-KNR/C7/1419/17 dated 04.10.2017 |

പിണറായി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1). ധനകാര്യവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

2).ബാലൻസ് ഷീറ്റിൽ ബി 4 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ച ഗുണഭോക്തൃവിഹിതം 57420/-രൂപയിൽ 16000/-രൂപ 2013-14 വർഷം ചെലവായതാണ്. എന്നാൽ അക്കൌണ്ടിൽ ഇല്ലാത്ത

ബാധ്യതയായി അവശേഷിക്കുന്നു. അതുപോലെ 31.03.2015 ൽ തെറ്റായി ജേർണൽ എൻട്രി ചെയ്ത 1910/- രൂപയും യഥാർത്ഥത്തിൽ ഇല്ലാത്ത ബാധ്യതയാണ്.

3).ധനകാര്യപത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2016-17 |
| മുന്നിരിപ്പ് | 22272801.95 |
| വരവ് * | 47565444.00 |
| ആകെ | 69838245.95 |
| ചെലവ് * | 50008552.00 |
| നീക്കിയിരിപ്പ് | 19829693.95 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് | മുൻബാക്കി | തൻവർഷ വർഷത്തെ അലോട്ട് മെന്റ്. * | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11890464 | 11890464 | 11890464 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1143528 | 1143528 | 856634 | 286894 | 75 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 15687 | 15687 | 15687 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5499327 | 5499327 | 3342860 | 2156467 | 61 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3594273 | 3594273 | 3464122 | 130151 | 96 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6668724 | 6668724 | 2165000 | 4503724 | 32 |
| KLGSDP ഗ്രാന്റ് | 0 | 3492074 | 3492074 | 2761476 | 730598 | 79 |
| എൻ.ആർ.ഇ.ജി.എസ്. (-) | 1242 | 735487 | 736729 | 734394 | 2335 | |
| ബി ഫണ്ട് xx | 0 | 51035225 | 51035225 | 51035225 | 0 | 100 |

* എ.സി.ആർ.പ്രകാരം

xx ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

( -) ചെക്ക് ഇഷ്യൂ റജിസ്റ്റർ പ്രകാരം

## 1-6 പദ്ധതി അലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പിലാക്കിയതിൽ പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 153 | 70071559 | 97 | 37770663 | 50 | 56 | 48% |

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 27 | 20 | 21703032 | 12084811 | 55.68 |
| കൃഷി ഓഫീസർ | 9 | 9 | 4139025 | 4139025 | 100 |
| വെറ്റിനറി സർജൻ | 7 | 7 | 2918560 | 2668560 | 91.43 |
| വി.ഇ.ഒ | 12 | 9 | 4759840 | 2344416 | 49.25 |
| അസി.എഞ്ചിനിയർ | 78 | 36 | 26814566 | 8300025 | 30.95 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 6294550 | 5541755 | 88.04 |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | 1 | 1 | 700000 | 700000 | 100 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | 1 | 1 | 652484 | 652484 | 100 |
| അസി.സെക്രട്ടറി | 12 | 9 | 2089502 | 1339587 | 64.11 |
| ആകെ | 153 | 97 | 70071559 | 37770663 | 53.50 |

ബി). ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 11890464 | 11890464 | 100 |
| എസ്.സി.പി | 1143528 | 856634 | 74.91 |
| ടി.എസ്.പി | 15687 | 15687 | 100 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 6960724 | 2165000 | 31.10 |
| ലോകബാങ്ക് ധനസഹായം | 3492074 | 2761476 | 79.08 |
| കേന്ദ്രാവിഷ്കൃതം | 1356250 | 593280 | 43.74 |
| സംസ്ഥാനാവിഷ്കൃതം | 449500 | - | - |
| തനത് ഫണ്ട് | 21527957 | 10142215 | 47.11 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2460300 | 35000 | 1.42 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 6550300 | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 5499327 | 3342860 | 60.79 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 3594273 | 3464122 | 96.38 |
| മറ്റുള്ളവ | 5131175 | 2503925 | 48.80 |
| ആകെ | 70071559 | 37770663 | 53.50 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിൽ 2016-17 വർഷം ഗ്രാമ പഞ്ചായത്തിന് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി അനുമതിലഭിച്ച് മൊത്തം വകയിരുത്തിയ പദ്ധതി തുകയുടെ വെറും 54% തുകയാണ് ചെലവഴിച്ചത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സംരക്ഷണഗ്രാന്റ് (റോഡ്) എന്നിവയുടെ വിനിയോഗം തൃപ്തികരമല്ല. എങ്കിലും വികസനഫണ്ടിന്റെ സാധാരണ വിഹിതം 100%വും ചെലവഴിക്കാൻ സാധിച്ചത് നേട്ടമാണ്. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളും, സെക്രട്ടറി, വി.ഇ.ഒ എന്നിവർ നിർവ്വഹണം നടത്തിയ മറ്റ് പ്രൊജക്ടുളും ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ സാധിച്ചില്ലയെന്നത് പോരായ്മയാണ്. നടപ്പിലാക്കുവാൻ ഉദ്ദേശിച്ച മരാമത്ത് പ്രവൃത്തികളിൽ പകുതിയെണ്ണം പോലും നടപ്പാക്കാൻ സാധിച്ചില്ലയെന്നത് പദ്ധതി നടത്തിപ്പിലെ വീഴ്ചയാണ്. സർക്കാർ അനുവദിക്കുന്ന വിവിധ ഫണ്ടുകളും ധനസഹായവും പൂർണ്ണമായും വിനിയോഗിക്കുന്നതിന് കാലേക്കൂട്ടിയുള്ള ആസൂത്രണം അത്യാവശ്യമാണ്. ഇക്കാര്യം വളരെ ഗൌരവപൂർവ്വം പരിശോധനാ വിധേയമാക്കേണ്ടതാണ്.

## 1-7 ഗ്രാമ സഭ

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രകാരം ഒരു വർഷത്തിൽ നിർബന്ധമായും നാല് ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിലും ഓഡിറ്റ് കാലയളവിൽ നാല് തവണ ഗ്രാമ സഭകൾ ചേർന്നിട്ടുണ്ട്. സെപ്തംബർ മാസം ചേർന്ന ഒന്നാമത്തെ ഗ്രാമസഭയിൽ മുൻവർഷത്തെ വാർഷിക പദ്ധതി ചെലവ് അംഗീകരിക്കൽ,2016-17 വർഷത്തെ പദ്ധതി വിശദീകരണം, പദ്ധതി ഗുണഭോക്താക്കളുടെ മുൻഗണനാ പട്ടിക തയ്യാറാക്കൽ, സാമൂഹ്യസുരക്ഷ പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് അവതരണം, തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരണം എന്നിവയും, ഒക്ടോബർ മാസം ചേർന്ന രണ്ടാമത്തെ ഗ്രാമസഭയിൽ 2016-17 വർഷത്തെ പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ എന്നിവ തയ്യാറാക്കൽ, നവംബർ മാസം കൂടിയ മൂന്നാമത്തെ ഗ്രാമസഭയിൽ നിയമസഭ തെരഞ്ഞെടുപ്പ് വോട്ടർ പട്ടിക പുതുക്കൽ പട്ടിക അംഗീകരിക്കൽ എന്നിവയും ജനുവരി മാസം കൂടിയ നാലാമത്തെ ഗ്രാമസഭയിൽ ലഹരി, മദ്യം, മയക്കുമരുന്ന് എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം, ഗുണഭോക്താക്കളുടെ ലിസ്റ്റ് (അഡീഷണൽ) അംഗീകരിക്കൽ എന്നിവയും അജണ്ടയായി ഉൾപ്പെടുത്തി.1997ലെ KPR (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുന്നില്ല. പൊതുവെ വലിയതോതിലുള്ള ജനപങ്കാളിത്തം ഗ്രാമസഭകളിൽ ഉണ്ടായിട്ടില്ല. ഗ്രാമസഭ സംഘാടനവും നടത്തിപ്പും കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതായുണ്ട്.

## 1-8 ദുരിതാശ്വാസനിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രകൃതിക്ഷോഭം, രോഗാവസ്ഥ മുതലായ ദുരിതങ്ങളാൽ കഷ്ടതഅനുഭവിക്കുന്ന ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശത്തോടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണെന്ന് 2003 ലെ കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപികരണവും വിനിയോഗവും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം പഞ്ചായത്തിൽ നേരത്തെതന്നെ ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ദുരിതാശ്വാസനിധി അക്കൌണ്ടിൽ (നം.8003)ഇടപാടുകൾ വേണ്ടത്ര നടന്നുവരുന്നില്ല. 2016-17വർഷം അക്കൗണ്ടിൽ 16072/-രൂപ വരവുണ്ട്. എന്നാൽ 08.08.2015ന് ശേഷം ആർക്കുംതന്നെ ധനസഹായം അനുവദിച്ചിട്ടില്ല. 31.03.2017ന് ആകെ 26296/- രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ഈ ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തി പ്രകൃതിക്ഷോഭം, മാറാരോഗം എന്നിവ മൂലം കഷ്ടതയനുഭവിക്കുന്ന ഗ്രാമപ്രദേശത്ത് താമസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര സഹായം നൽകാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-9 മോണിറ്ററിംഗ്

പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ 2016-17 വർഷം പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ലെന്നാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കാണാനായത്. പ്രോജക്ടിന്റെ നിർവഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടത് അനിവാര്യമാണ് .തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം

കാര്യക്ഷമവും ശക്തവുമാക്കി പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി സർക്കാർ 13.02.2009 ലെ ജി.ഒ(എം.എസ്) 28/2009 ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തന പരിപാടികളൊന്നും നടപ്പിലാക്കിയിട്ടില്ല. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി നടത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യം പഞ്ചായത്ത് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ് .

## 1-10 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്.

| ഇനം | വർഷം 2015-16 | വർഷം 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4485560 | 3571001 | 914559 | 20.39 (-) |
| നികുതിയേതര വരവുകൾ | 927534 | 942171 | 14637 | 1.58 (+) |
| ആകെ | 5413094 | 4513172 | 89922 | 16.62 (-) |

## 1-11 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 126360 | 75 |
| കർഷകതൊഴിലാളി വേതനം | 7020920 | 664 |
| വിധവാപെൻഷൻ | 13164150 | 1003 |
| വാർദ്ധക്യകാലപെൻഷൻ | 23107540 | 2291 |
| വികലാംഗപെൻഷൻ | 3093795 | 294 |
| 50 വയസ് തികഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3892460 | 337 |

## 1-12 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.08.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 10233/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-13 ആഭ്യന്തരനിയന്ത്രണം.

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതായുണ്ട്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ യോഗം വിളിച്ച് പഞ്ചായത്തിന്റെ പ്രവർത്തനപുരോഗതി സമഗ്രമായി അവലോകനം ചെയ്യുന്നില്ല. ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തന വിലയിരുത്തലുകൾ നടത്തി പരിഹാര നടപടികൾ സമയബന്ധിതമായി കൈക്കൊള്ളേണ്ടതായുണ്ട്.

## 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.06.2017 | 01.01.2017 മുതൽ 31.03.2017 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10/06/13-22/06/13 | 2010-11 സപ്ലിമെൻററി ഓഡിറ്റ് | 19.07.2013 |

## 1-15 പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല

2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ,ചട്ടം 3 പ്രകാരം പൊതുതെരഞ്ഞെടുപ്പ്കഴിഞ്ഞ് ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ടതിനുശേഷം കഴിയുന്നതും നേരത്തെ എന്നാൽ 6 മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പഞ്ചായത്ത് യോഗം ചേർന്ന്, പഞ്ചായത്തിന് പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും അത്തരം ഒരു സേവനം ലഭ്യമാകുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നുംചർച്ചചെയ്ത് തീരുമാനിക്കേണ്ടതും, ഇതിന്റെ അടിസ്ഥാനത്തിൽ പൗരാവകാശരേഖ തയ്യാറാക്കേണ്ടതും, നാലാം ചട്ടപ്രകാരം പ്രസ്തുത പൗരാവകാശ രേഖ പൊതുജനങ്ങളുടെ അറിവിലേക്കായി പഞ്ചായത്താഫീസ് നോട്ടീസ് ബോർഡിലും പഞ്ചായത്ത് പ്രദേശത്തെ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള നോട്ടീസ് ബോർഡുകളിലും, പതിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും, അത് അച്ചടിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ പിണറായി ഗ്രാമപഞ്ചായത്ത് ഈ വ്യവസ്ഥ പാലിച്ചുകൊണ്ട് പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടില്ല. ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല - വരുമാന നഷ്ടം പരിശോധിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1)പ്രകാരം ഒരു കെട്ടിട നിർമ്മാണാനുമതി 3 വർഷത്തേക്ക് സാധുവായിരിക്കും. സാധുതാ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്തവർക്ക്, സാധുതാ കാലയളവിൽ അപേക്ഷ സമർപ്പിച്ചാൽ ഓരോ 3വർഷ കാലത്തേക്ക് 2 തവണകൂടി പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതാണ്. എന്നാൽ 9 വർഷകാലയളവിനുശേഷം പെർമിറ്റ് നീട്ടുകയോ, പുതുക്കുകയോ ചെയ്യാൻ ഈ ചട്ടങ്ങളിലെ അദ്ധ്യായം XA യിലെ 76 B യിൽ നിർദ്ദേശിച്ച വിധത്തിലുള്ള അംഗങ്ങൾ ഉൾപ്പെടുന്ന കമ്മറ്റിയുടെ ശുപാർശ ആവശ്യമാണ്. നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ ലഭിച്ചാൽ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം അപേക്ഷയിന്മേൽ തീരുമാനം എടുക്കണമെന്ന് ചട്ടം 15 ൽ വ്യക്തമാക്കുന്നുണ്ട്.2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം ചട്ടം 4 അനുസരിച്ച് സാധുവായ പെർമിറ്റ് ഇല്ലാതെ ഭൂവികസനം, കെട്ടിട നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നടത്താൻ പാടില്ല.

പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് അനുവദിച്ചവരുടെ കെട്ടിട നിർമ്മാണ പൂർത്തീകരണ തീയതി, അസസ്സ്മെന്റ് നമ്പർ, വസ്തുനികുതി ചുമത്തിയത് എന്നിവയുടെവിവരം രേഖപ്പെടുത്തിയിട്ടില്ല. സമയാസമയം നടപടികൾ സ്വീകരിക്കുന്നതിൽ ഉണ്ടായിട്ടുള്ള വീഴ്ചകൾ കാരണം കെട്ടിടങ്ങൾ ക്രമവത്കരണം നടത്തേണ്ടുന്ന പക്ഷം ആയിനത്തിലും പെർമിറ്റ് ഫീസ്, അധികഫീസ് എന്നീയിനത്തിലും നഷ്ടം ഉണ്ടാവാനുള്ള സാഹചര്യം നിലനിൽക്കുന്നു. ആയതിനാൽ അനുവദിച്ച പെർമിറ്റുകളിൽ കാലയളവ് പൂർത്തിയായ അപേക്ഷകരിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരങ്ങൾ കൃത്യതയോടെ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

## 2-2 അറുപത് ദിവസത്തിൽ കൂടുതൽ പഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്ത് സ്ഥലംമാറിപ്പോയ ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല

കേരള പഞ്ചാത്ത് രാജ് നിയമങ്ങളിലെ 204(1) വകുപ്പ് പ്രകാരം ഒരാൾ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തതിനുശേഷം സ്ഥലംമാറിപ്പോയ താഴെ പറയുന്ന ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ നൽകുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തൊഴിൽ ചെയ്ത സ്ഥാപനം | സ്ഥാപനത്തിൽനിന്നും വിടുതൽ ചെയ്ത തീയ്യതി | നികുതി ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|---|---|
| 1 | വിനോദൻ വി.സി | A.K.G.M..G.H.S.Sപിണറായി | 07.06.2016 | 2016-17 I |
| 2 | സമീർ പി | - ടി- | 27-06-2016 | 2016-17 I |

| | | | | |
|---|---|---|---|---|
| 3 | മഹിജ എം | C.H.C പിണറായി | 27-07-2016 | 2016-17<br>I |
| 4 | ലിമേഷ് ഒ | എക്സൈസ്റേഞ്ച് ഓഫീസ് പിണറായി | 1/2017 | 2016-17<br>II |
| 5 | ജിമ്മി ഇ | -ടി- | 1/2017 | 2016-17<br>II |
| 6 | ഷിബു വികെ | -ടി- | 1/2017 | 2016-17<br>II |

സ്ഥലം മാറിപ്പോയ ജീവനക്കാർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ വ്യക്തമായ രേഖകൾ സഹിതം ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. അല്ലെങ്കിൽ ബന്ധപ്പെട്ടവരിൽനിന്ന് തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-3 മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നില്ല

1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (ബി) പ്രകാരം പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന സ്ഥലങ്ങളും, കെട്ടിടങ്ങളും ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റെയും വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി കെട്ടിട ഉടമസ്ഥന് നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരം കെട്ടിട ഉടമസ്ഥന് നോട്ടീസ് നൽകിയിട്ടില്ല. ആയതിനാൽ ഗാർഹികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ പഞ്ചായത്തിൽ ലഭിക്കാതെ പോവുകയും തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട വരുമാനം ലഭ്യമാകാതെ പോവുകയും ചെയ്യുന്ന അവസ്ഥയുണ്ടാകും. മാത്രവുമല്ല പ്രസ്തുത കെട്ടിടങ്ങളിൽ ഡി & ഒ ലൈസൻസ് ഇല്ലാതെ വ്യാപാരം നടത്തുന്ന സ്ഥിതിയുണ്ടാവുകയും ചെയ്യും.ആയതിനാൽ സെക്ഷൻ 205 (ബി) പ്രകാരം നികുതിക്ക് വിധേയവരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ ആവശ്യപ്പെടേണ്ടതും മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടെന്ന് ഭാവിയിൽ ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-4 ഡി & ഒ ലൈസൻസ് ഫീ - അപേക്ഷകൾ അപൂർണ്ണം

പിണറായി ഗ്രാമപഞ്ചായത്തിൽ 2016-17വർഷത്തിൽ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽ പലതിലും ഒരു ദിവസത്തെ വിറ്റുവരവ്, അപേക്ഷ സമർപ്പിച്ച തീയ്യതി, എന്നിവ ചേർത്തതായി കാണുന്നില്ല. ലൈസൻസിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-5 ഡി &ഒ ലൈസൻസ് അനുവദിച്ചതിലെ അപാകങ്ങൾ

പിണറായി പഞ്ചായത്തിൽ 2016-17വർഷം ഡി &ഒ ലൈസൻസ് പെർമിഷൻ രജിസ്റ്റർ പ്രകാരം 563ഡി &ഒ ലൈസൻസ് അപേക്ഷകർക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ആവശ്യമായ സർട്ടിഫിക്കറ്റുകൾ ഇല്ലാതെയാണ് മിക്ക അപേക്ഷകളിലും ലൈസൻസ് അനുവദിച്ചിട്ടുള്ളത് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസിയുടെ പേര് | വാർഡ്/കെട്ടിട നമ്പർ | സംരംഭം | സമർപ്പിക്കാത്ത സർട്ടിഫിക്കറ്റുകൾ |
|---|---|---|---|
| തന്നടക്കുന്നത്ത് ജമാൽ<br>തന്നടക്കുന്നത്ത് ഖാലിദ് | 2/295,2/296 | ഈർച്ചമിൽ | പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |
| മനോജ് കെ കെ | 17/136 | ചിക്കൻ സ്റ്റാൾ | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് |
| കണ്ടോത്ത് ശാന്ത | 17/1A,<br>17/1B | ഹോട്ടൽ | -ടി- |
| ഉച്ചുമ്മൽ ബാലൻ | 17/152 | സോഡനിർമ്മാണം | പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച സർട്ടിഫിക്കറ്റ് |
| ഷൈജ എ | 10/278<br>10/279 | കൂൾബാർ/ബേക്കറി | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് |

മതിയായ രേഖകൾ ഇല്ലാതെ ഡി & ഒ ലൈസൻസ് നൽകിയതു സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 2-6 ഡി & ഒ ലൈസൻസ് ഫീ അപാകതകൾ -ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസങ്ങൾക്കുമുമ്പായി സമർപ്പിക്കണമെന്ന്

നിഷ്കർഷിക്കുന്നുണ്ട്. ചട്ടം-26 പ്രകാരം ചട്ടലംഘനത്തിന് കേരള പഞ്ചായത്ത് രാജ് നിയമം 255-)ം വകുപ്പ് പ്രകാരം 1000/- രൂപയിൽ കവിയാത്ത പിഴയോ അഥവാ തുടർന്നുകൊണ്ടിരിക്കുന്ന ലംഘനത്തിന്റെ കാര്യത്തിൽ, ലംഘനം തുടരുന്ന ഓരോദിവസത്തേക്കും 50/- രൂപയിൽ കവിയാത്ത പിഴ ചുമത്താമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ യഥാസമയം ലൈസൻസ് പുതുക്കാത്ത ലൈസൻസികളിൽനിന്നും ചട്ടലംഘനത്തിന്റെ പിഴ ഈടാക്കിയതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

2016-17

| ക്രമ നം. | പേര് | വാർഡ് | കെട്ടിട നം. | ഇനം | അപേക്ഷ സമർപ്പിച്ച തീയ്യതി |
|---|---|---|---|---|---|
| 1 | സുഷമ പി വി | VIII | 616/617 | ഫാൻസി | 15-11-2016 |
| 2 | പുതുക്കുടി നാരായണി | X | 345 | സ്റ്റേഷനറി | 19-12-2016 |
| 3 | സി.ജസീൽ | XVII | 17J | അനാദിക്കച്ചവടം | 04-01-2017 |
| 4 | കെ.വി പുഷ്പജൻ | VII | 248 | പടക്കവിൽപ്പന | 19-12-2016 |
| 5 | എ.സി സത്യനാഥ് | XI | 235 | ഹാർഡ്‌വേർ ഷോപ്പ് | 03-01-2017 |

2016-17 വർഷങ്ങളിൽ ലൈസൻസിനായി സമർപ്പിച്ച വൈകിയ അപേക്ഷകളിലൊന്നും തന്നെ ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കിയതായി കാണുന്നില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-7 വസ്തുനികുതി നിർണ്ണയം - അപാകതകൾ

വസ്തുനികുതി നിർണ്ണയിക്കുന്ന അന്വേഷണ റിപ്പോർട്ടുകളിൽ ആവശ്യമായ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തുന്നതായി കാണുന്നില്ല. പണി പൂർത്തിയായ കെട്ടിടത്തിന്റെ തറ വിസ്തൃതിയുടെ അടിസ്ഥാനത്തിൽകെട്ടിടം എന്താവശ്യത്തിന് എന്ന് പരിഗണിച്ച് ഓരോന്നിനും ബാധകമായ നിരക്കിൽ അടിസ്ഥാനനികുതി നിർണ്ണയിക്കുകയും, ഈ നികുതിയിൽ നിന്നും കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം ദ്വിതീയ മേഖലയിൽ ആണെങ്കിൽ 10% വും തൃതീയമേഖലയിലാണെങ്കിൽ 20% വും കുറഞ്ഞതരം മേൽക്കൂരയാണെങ്കിൽ 10%വും ഇളവ് നൽകുകയും അഞ്ച് മീറ്ററോ അതിലധികമോ വീതിയുള്ള വഴിയുണ്ടെങ്കിൽ 20% വും മേൽത്തരം തടി/ഇറ്റാലിയൻ മാർബിൾ/ഗ്രാനൈറ്റ് മറ്റ്

വിലയേറിയ വസ്തുക്കൾ കൊണ്ട് നിർമ്മിച്ചിട്ടുള്ളതും 250 ചതുരശ്ര മീറ്ററിലധികം തറ വിസ്തീർണ്ണമുണ്ടെങ്കിൽ15 % വും കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനമുണ്ടെങ്കിൽ 10% വും അടിസ്ഥാനനികുതിയിൽ വർദ്ധനവ് വരുത്തിയുമാണ് വസ്തുനികുതി നിർണ്ണയിക്കുന്നത്.
വസ്തുനികുതി നിർണ്ണയത്തിനായി ലഭിക്കുന്ന അപേക്ഷകൾ ആദ്യം ഓവർസിയർ/എഞ്ചിനീയർക്കും തുടർന്ന് സെക്ഷൻ ക്ലാർക്കിനും അന്വേഷണത്തിനായി കൈമാറുകയും ഇവർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുകയുമാണ് ചെയ്യുന്നത്.
2016-17 വർഷത്തിൽ പുതിയതായി നികുതി നിർണ്ണയിച്ചിരിക്കുന്നത് പരിശോധിച്ചപ്പോൾ ഭൂരിപക്ഷം അന്വേഷണറിപ്പോർട്ടുകളിലും തറയുടെ നിലവിലെ അവസ്ഥ, ഉപയോഗിച്ചിരിക്കുന്ന വസ്തുക്കൾ, റോഡിന്റെ തരം, എയർ കണ്ടീഷണിംഗ് സംവിധാനമുണ്ടോ തുടങ്ങിയ കാര്യങ്ങൾ ഒന്നും പരാമർശിക്കാതെ മേഖലയെക്കുറിച്ച് മാത്രം പരാമർശിക്കുന്ന റിപ്പോർട്ടുകളാണ് സമർപ്പിച്ചതായി കാണുന്നത്. നികുതി നിർണ്ണയിക്കുമ്പോൾ ഇളവിനും വർദ്ധനവിനും ആധാരമാകുന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തമായി പരാമർശിക്കാതെ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതും അത് അംഗീകരിച്ച് നികുതി നിർണ്ണയിക്കുന്നതും ശരിയായ നടപടിയല്ല. ഫീൽഡ് സ്റ്റാഫിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി നികുതി നിർണ്ണയം കുറ്റമറ്റതാണ് എന്ന് ഉറപ്പുവരുത്തേണ്ടതും നികുതി നിർണ്ണയത്തിലെ മേൽ അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 2-8 വിമുക്തഭടൻമാർക്ക് വസ്തു നികുതി ഇളവ് - സമയപരിധിക്കുള്ളിൽ അപേക്ഷ നൽകാത്തവർക്കും ഇളവ് നൽകുന്നു

വിമുക്തഭടൻമാർക്ക് വസ്തു നികുതി ഇളവ് നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ നിർദേശിക്കുന്ന 02.07.2013 ലെ സ.ഉ (കൈ) 242/2013/ത.സ്വ.ഭ.വ ഉത്തരവിലെ ക്രമ നം 7 പ്രകാരം, ഒരിക്കൽ നികുതിയിളവ് അനുവദിച്ചാലും എല്ലാ സാമ്പത്തിക വർഷവും ഏപ്രിൽ 10 ന മുമ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിക്ക് അപേക്ഷ നൽകിയാലേ വസ്തു നികുതി ഇളവ് അനുവദിക്കേണ്ടതുള്ളൂ എന്നു വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം ഈ ഇനത്തിൽ ഇളവ് നൽകപ്പെട്ട പലരും മേൽ തീയതിക്കകം അപേക്ഷ നൽകിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| അപേക്ഷകന്റെ പേര് | അപേക്ഷ നൽകിയ തീയതി | ഇളവ് നൽകിയ കെട്ടിട നം |
|---|---|---|
| പുരുഷോത്തമൻ ടി | 02.05.2016 | 5/465 |
| രാജേന്ദ്രൻ കെ | 05.03.2017 | 9/112 |
| ഷാജി കാളിപറമ്പൻ | 13.03.2017 | 18/286-D |
| ബാലൻ കെ.വി | 28.03.2017 | 12/275 |
| രതീഷ് ടി | 18-03-2017 | 11/1B |

ഇത്തരം അപാകതകൾ പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കേണ്ടതും മേലിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-9 വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന് ബാക്കിപത്രത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ

പത്രികകൾ പ്രകാരമുള്ള (ബി-15 ഷെഡ്യൂൾ) വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| തൻവർഷം കടിശ്ശിക (ഗാർഹികം) | 418598 |
| മുൻവർഷങ്ങളിലെ കടിശ്ശിക (ഗാർഹികം) | 198041 |
| ആകെ | 616639 |

തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പിരിവ് ഊർജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും 100% വസ്തു നികുതി പിരിവ് എന്ന ലക്ഷ്യം കൈവരിക്കേണ്ടതുമാണ്

## 2-10 അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235എഎ(4) പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവ്വേ നമ്പർ, വസ്തു ഉടമയുടെ പേരു വിവരങ്ങൾ, കെട്ടിടത്തിനു നൽകപ്പെട്ട പ്രത്യേക നമ്പർ,കെട്ടിടത്തിനു ചുമത്തിയതും ഈടാക്കിയതുമായ വസ്തുനികുതി വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഇപ്രകാരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് -രശീതിബുക്ക് ഉപയോഗിക്കുന്നത് ക്രമപ്രകാരമല്ല 2,45,000/-രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

അടങ്കൽ - വികസനഫണ്ട് (175000)

ഗുണഭോക്തൃവിഹിതം (70000)

പ്രൊജക്റ്റ് നം. 03/17

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17വർഷം മുട്ടക്കോഴി വളർത്തൽ എന്ന പ്രൊജക്റ്റ് (3/17) നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 200/-രൂപ വീതം 350 ഗുണഭോക്താക്കളിൽനിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകിയ നാല് രശീത് പുസ്തകങ്ങളിലാണ് ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത്. (ബുക്ക്നം.25926,25927,5245,5048) മേൽ രശീതി പുസ്തകങ്ങൾ പരിശോധനക്ക് വിധേയമാക്കിയപ്പോൾ തുക പിരിച്ചെടുത്ത രശീതികളിലെ തീയ്യതി കാർബൺ പേപ്പർ ഉപയോഗിക്കാതെ പ്രത്യേകം എഴുതി ചേർക്കുകയാണുണ്ടായത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20(സി) പ്രകാരം രശീതി ഉപയോഗിക്കുമ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കണം. തീയ്യതി രേഖപ്പെടുത്തിയ സ്ഥലങ്ങളിൽ ഒരിടത്തും കാർബൺ വച്ചിട്ടില്ല.ഒറിജിനൽ രശീതിയിലെ തീയ്യതിയും ഡ്യൂപ്ലിക്കറ്റ് രശീതിയിലെ തീയ്യതിയും ഒന്നുതന്നെയാണെന്നു തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ആകെയുള്ള 350 പേരിൽ 300 പേരിൽ നിന്നും ഒരേ ദിവസം തന്നെ (21.12.2016ന്) ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് ഏത്

സാഹചര്യത്തിലാണെന്നും ഇത്രയും പേരിൽ നിന്നും ഒരേ ദിവസം തുക പിരിച്ചെടുത്തത് ഏത് വിധത്തിലാണെന്നും അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആശുപത്രിയിലെ തിരക്ക് കാരണം സംഭവിച്ചതാണെന്നുള്ള പൊതുവായ മറുപടിയാണ് നൽകിയത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/05.08.2017) കൃത്യമായ മറുപടി നൽകാത്ത സാഹചര്യത്തിൽ ഈ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 245000/-രൂപ (ബിൽ നം.1/152500/-09.01.2017,2/22500/-, 70000/-14.02.2017) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടുമില്ല.

## 3-2 മൃഗാശുപത്രിക്ക് ഫർണിച്ചർ - നിർവ്വഹണത്തിൽ അപാകങ്ങൾ - 24950/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

അടങ്കൽ - വികസനഫണ്ട് (24950)

ബിൽ നം . 7/13.03.2017 പ്രകാരം 24950/-രൂപ ചെലവഴിച്ച് മൃഗാശുപത്രിക്ക് ഫർണിച്ചർ വാങ്ങുന്നതിന് പ്രൊജക്ട് (5/17)തയ്യാറാക്കിയിട്ടുണ്ട്. കണ്ണൂരിലെ സങ്കി ആന്റ് കമ്പനിയിൽനിന്നും 20.03.2017തീയ്യതിയിൽ വാങ്ങിച്ച ബില്ല് അവ്യക്തമായതിനാൽ സാധനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമല്ല. എഗ്രിമെന്റ്, സപ്ലൈ ഓർഡർ, മറ്റ് ക്വട്ടേഷനുകൾ എന്നിവ ഫയലിൽ ഇല്ല. ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇവ വാങ്ങിച്ചതിന്റെ വിവരം ഇല്ല. സ്റ്റോക്ക് റജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത് സ്റ്റോക്ക് റജിസ്റ്റർ ഹാജരാക്കിയിട്ടുണ്ട് എന്ന് മാത്രമാണ്. എന്നാൽ ഹാജരാക്കിയ സ്റ്റോക്ക് റജിസ്റ്ററിൽ ഫർണിച്ചർ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകങ്ങൾ കാരണം ചെലവഴിച്ച 24950/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-3 മൃഗാശുപത്രിയിലേക്ക് ഇൻവേർട്ടർ വാങ്ങൽ - നിർവ്വഹണത്തിലും നടപടിക്രമങ്ങളിലും വീഴ്ച - 40,000/- തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

പ്രൊജക്ട് നം - 6/17

ബിൽ നം - 5/27.02.2017 40,000/-

2016-17 വർഷം മൃഗാശുപത്രിയിലേക്ക് ഇൻവേർട്ടർ വാങ്ങുന്നതിന് പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി മൂന്ന് ടെണ്ടർ ലഭിച്ചിട്ടുണ്ട്. കൂടുതൽ ശേഷിയുള്ളതും(150 AH ബാറ്ററി) കുറഞ്ഞനിരക്കിലും ടെണ്ടറിൽ നിരക്ക് (39,490/-)ക്വോട്ട് ചെയ്തത് കതിരൂരിലെ ആക്സിയസ് എന്ന സ്ഥാപനമായിരുന്നു.എന്നാൽ കരാറിനൊപ്പം ഇ.എം.ഡി സമർപ്പിച്ചില്ലെന്ന കാരണത്താൽ ടെണ്ടർ പരിഗണിക്കപ്പെട്ടില്ല.ശേഷം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (43,000/) ശ്രീലേഷ് എന്നവരുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു.എന്നാൽ ഇവർ ടെണ്ടറിനൊപ്പം പ്രാഥമിക ഉടമ്പടി സമർപ്പിച്ചിട്ടില്ല. ഇക്കാര്യം പരിഗണിക്കാതെ ടെണ്ടർ അംഗീകരിച്ചതായി കാണുന്നു.ശ്രീലേഷ് എന്നവർ സമർപ്പിച്ച ടെണ്ടറിൽ മൈക്രോട്ടെക്ക് ഇൻവേർട്ടറും എക്സൈഡ് കമ്പനിയുടെ 115AHബാറ്ററിയുടെ നിരക്കാണ് കാണിച്ചത്. എന്നാൽ വാങ്ങിച്ച ബില്ലിൽ ശേഷി കുറഞ്ഞ100AHബാറ്ററിയെന്നാണുള്ളത്. കമ്പനി ഏതാണെന്ന് കാണിച്ചിട്ടുമില്ല.ആക്സിയസ് എന്ന സ്ഥാപനം ബാറ്ററിക്ക് മൂന്ന് വർഷത്തെ റീപ്ലെയ്സ്മെന്റ് വാറണ്ടി നൽകിയിരുന്നു.അതേ സമയം മറ്റ് കരാറുകാർ വാറണ്ടിമാത്രം നൽകി. ടെണ്ടർ പരസ്യം ചെയ്ത വിവരം,സപ്ലൈ ഓർഡർ നൽകിയ രേഖകൾ എന്നിവ ഫയലിൽ ഇല്ല. സ്റ്റോക്ക് റജിസ്റ്റർ

പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.ആവശ്യമായ രേഖകൾ സഹിതം അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും പർച്ചേസിംഗ് കമ്മിറ്റി അംഗീകരിച്ചതുപ്രകാരമാണ് സാധനം വാങ്ങിച്ചതെന്നും മേലിൽ ജാഗ്രത പാലിക്കുന്നതാണെന്നും മാത്രം അറിയിക്കുകയാണുണ്ടായത്. ഹാജരാക്കിയ സ്റ്റോക്ക് റജിസ്റ്ററിൽ ഇൻവേർട്ടറിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബാറ്ററി സ്റ്റോക്കിലെടുത്തിട്ടുമില്ല. അപാകങ്ങൾക്ക് കൃത്യമായ മറുപടി, രേഖകൾ സഹിതം നൽകാത്ത സാഹചര്യത്തിൽ ചെലവഴിച്ച 40,000/- തടസ്സപ്പെടുത്തുന്നു.

## 3-4 ഫണ്ട് വിനിയോഗത്തിൽ പുരോഗതിൽ കൈവരിച്ചില്ല -പാഴായ പദ്ധതിപ്പണം 79.07 ലക്ഷം രൂപ.

ജി.ഒ(പി)177/06 ഫിൻ തീ.12.04.2006 ധനവിനിയോഗ നടപടിക്രമങ്ങൾ പരിഷ്കരിച്ചുകൊണ്ട് ജി.ഒ(പി)400/14 ഫിൻ തീ.19.09.2014, ജി.ഒ(പി)119/15 ഫിൻ തീ.21.03.2015,ജി.ഒ(പി)419/15 ഫിൻ തീ.19.09.2015 എന്നിവ പ്രകാരം ഉത്തരവാകുകയും സഞ്ചിതനിധിയിൽ നിന്നും പബ്ലിക് അക്കൌണ്ടിലേക്ക് ഫണ്ട് മാറ്റി നൽകുന്ന സമ്പ്രദായം 2015-16 വർഷം മുതൽ നിർത്തൽചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകും. ഇപ്രകാരം ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം പഞ്ചായത്തിന് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ബാക്കിയായ ഫണ്ടുകൾ ഇതുവരെയായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സർക്കാർ തിരികെ നൽകിയിട്ടില്ലാത്തതിനാൽ സാങ്കേതികമായി ഈ തുക നഷ്ടപ്പെട്ടിരിക്കുകയാണ്. പിണറായി ഗ്രാമപഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവധ ഫണ്ടുകളിൻ ചെലവഴിക്കപ്പെടാതെ ബാക്കിയായത് ലക്ഷക്കണക്കിന് രൂപയാണ്.ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ബാക്കിയായ തുക |
|---|---|
| എസ്.സി.പി | 286894 |
| പതിമൂന്നാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 4503724 |
| ലോകബാങ്ക് ധനസഹായം | 730598 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 130151 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 2156467 |
| ആകെ | 7807834 |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തെതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതുകൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്.ഫണ്ട് വിനിയോഗത്തിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഉണ്ടാകേണ്ടതുണ്ട്.ആയതിനാൽ ഈ വിഷയത്തിൽ വന്ന പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് കാലേക്കൂട്ടി തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-5 ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

നിർവ്വഹണഉദ്യോഗസ്ഥൻ - വി.ഇ.ഒ.

പ്രൊജക്ട് .നിരാലംബയായ വനിതകൾ ഗൃഹനാഥയായ കുടുംബങ്ങൾക്ക് ഭവനനിർമ്മാണം

ധനസഹായ തുക – 2,00,000/-രൂപ

2015-16 വർഷം ആരംഭിച്ച് മേൽ പ്രൊജക്ട് (36/16,105/17)പ്രകാരം ആകെ 10 പേർക്ക് ഭവനനിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ 8 പേർ ഭവനനിർമ്മാണം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ താഴെ ചേർത്തിട്ടുള്ള 2 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | കൈപ്പറ്റിയ തുക/ തീയതി |
|---|---|---|
| 1 | മിനി.എൻ.സി, കുളത്തിൽ ഹൌസ്, എരുവട്ടി | 200000/30.03.2016<br>60000/30.03.2016 |
| 2 | ഗീത വെള്ളാവെള്ളി, വടക്കേപ്പറമ്പത്ത്, പാറപ്രം | 200000/30.03.2016<br>60000/30.03.2016 |

തുക കൈപ്പറ്റിയിട്ടും നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 അധികം നൽകിയ റിടെൻഷൻ തുക ശീർഷകം മാറി തിരിച്ചടച്ചു

പ്രൊജക്ട് നം - 71/17 - ആയുർവേദാശുപത്രി അറ്റകുറ്റപ്പണി

ബിൽ നം - 24/30.03.2017 (നോൺ റോഡ് മെയിന്റനൻസ് ഫണ്ട്)

കരാറുകാരൻ - പിണറായി ഇന്റസ്ട്രിയൽ കോ-ഓപ്പററ്റീവ് സൊസൈറ്റി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനിയർ

മേൽ പ്രവൃത്തിക്ക് 2015-16 വർഷം പാർട്ട് ബില്ല് നൽകുകയും 2016-17 വർഷം ഫൈനൽ ബില്ല് നൽകുകയും ചെയ്തതാണ്. പാർട്ട് ബില്ല് നൽകിയപ്പോൾ ആകെ പ്രവൃത്തിമൂല്യമായ 325274/-രൂപയുടെ 10% തുക 32527-റിട്ടെൻഷൻ തുകയായി ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഫൈനൽ ബില്ല് നൽകിയപ്പോൾ 34527/-രൂപ റിട്ടെൻഷൻ തിരിച്ചു നൽകി.2000/-രൂപ ഇപ്രകാരം കരാറുകാരന് അധികം നൽകി. അധികം നൽകിയ 2000/-രൂപ ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച പ്രകാരം 08.08.2017 തീയ്യതിയിൽ തനത് ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ തുക തിരിച്ചടക്കേണ്ടത് നോൺ റോഡ് മെയിന്റനൻസ് ഫണ്ടിന്റെ ഹെഡ് ഓഫ് അക്കൌണ്ടിലേക്കാണ്. 2000/-രൂപ നോൺ റോഡ് മെയിന്റനൻസ് ഫണ്ടിന്റെ ഹെഡ് ഓഫ് അക്കൌണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-7 ഇ ടെണ്ടർ- ടെണ്ടർഫീസിനത്തിൽ ലഭിക്കേണ്ടുന്ന തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചില്ല

ടെണ്ടർമൂലം നിർവ്വഹിക്കപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീയിനത്തിൽ തുകകളൊന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല. അസി.എഞ്ചിനിയർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഈയിനത്തിൽ 2016-17 കാലയളവിൽ ലഭിക്കേണ്ടുന്ന തുകകളുടെ വിവരം ചുവടെകൊടുക്കുന്നു.

| വർഷം | ഇ-ടെണ്ടർപ്രകാരം നിർവ്വഹിച്ച പ്രൊജക്ടുകൾ | ലഭിക്കേണ്ടുന്ന ടെണ്ടർ ഫീ |
|---|---|---|

| | | |
|---|---|---|
| 2016-17 | 14 എണ്ണം | 37880 |

കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് പ്രസ്തുത തുക നിക്ഷേപിച്ചിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതാണെങ്കിലും ഇവയുടെ വിതരണം സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഉണ്ടായിട്ടില്ല എന്നാണ് അറിയിച്ചത്. ആയതിനാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം -സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം - ചെലവ് ₹39102 തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ : 39 /17

പ്രോജക്ടിന്റെ പേര് : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ

വിതരണം

അടങ്കൽ : ₹39102 വികസന ഫണ്ട് (എസ്.സി.പി)

ചെലവ് : ₹39102 ബിൽ നമ്പർ : 11/16-17 / 28-2-2017

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം എന്ന പ്രോജക്ട് പ്രകാരം 10 പേർക്ക് മേശയും കസേരയും വിതരണം ചെയ്യുന്നതിന് കാഡ്കോവിൽ നിന്ന് 10 സ്റ്റീൽ മേശയും 20ഫൈബർ കസേരയും ടെണ്ടർ പ്രകാരം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ.ഉ(എം.എസ്) നമ്പർ 4/2016/തസ്വഭവ/ 11-01-2016 പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ അനുബന്ധം 15 ഖണ്ഡിക 6. 8. 4 പ്രകാരം പട്ടികജാതി / പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ /മരം) വാങ്ങി നൽകുന്നതിന് ₹4000 ധനസഹായം നൽകാവുന്നതാണ്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം നൽകേണ്ടത്. ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം, ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ, പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിക്കുന്നവർ അർഹരല്ല, നിർധരായ കുടുംബങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്, ഗുണഭോക്തൃ ലിസ്റ്റ് അയൽസഭയും ഗ്രാമസഭയും അംഗീകരിച്ചിരിക്കണം, എന്നീ വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. 2016-17 ലെ പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടിന്റെ ആനുകൂല്യത്തിനു വേണ്ടിയുള്ള 17 പേരുടെ ഗുണഭോക്തൃ പട്ടിക 24-10-2016 ലെ 132/2016 നമ്പർ പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഭൂരിപക്ഷം ഗുണഭോക്താക്കളും അപേക്ഷ നൽകിയിരിക്കുന്നത് 12-04-2017 നാണ്.

2. ആനുകൂല്യം കൈപ്പറ്റിയ അജേഷ്.കെ (കെ.അശ്വതിയുടെ അച്ഛൻ) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

3. 16-02-2017 ലെ ഇൻവോയ്സ് നം 217പ്രകാരമാണ് കാഡ്കോക്ക് മേശയുടെയും കസേരയുടെയും വില നൽകിയിരിക്കുന്നത്. എന്നാൽ സാധനങ്ങൾ എന്ന് ലഭിച്ചു എന്ന് വ്യക്തമല്ല. കൂടാതെ കൈപ്പറ്റ് രശീതി പ്രകാരം ഇവ വിതരണം ചെയ്തിരിക്കുന്നത് 12-04-2017 നാണ്.

4. ഉപകരണങ്ങൾ ലഭിച്ചിരിക്കുന്ന വിദ്യാർത്ഥികൾ 2,5,6,8,9 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്നവരാണ്. ആയതിനാൽ മുൻ വർഷം ഇതേ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്നും പട്ടികജാതി / പട്ടിക വർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ഈ വർഷം കൈപ്പറ്റിയിട്ടില്ല എന്നും തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ ഒന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5. ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടിൽ സാധനങ്ങൾ വിതരണം ചെയ്തത് സെക്രട്ടറിയാണ്.

6. അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ പേരാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുപ്രകാരം സരിന.എം.D/o. ശരവണൻ.എം, ആതിര സി.എൻ, D/o സുരേഷ് കുമാർ. സി.എൻ, അപർണ. വി.കെ. D/o അനിൽ കുമാർ വി.കെ എന്നിവർ യഥാക്രമം 12-04-2017,15-05-2017 എന്നീ തീയ്യതികളിൽ അനുവദിച്ച സ്കൂൾ സർട്ടിഫിക്കറ്റുകളാണ് ഹാജരാക്കിയിട്ടുള്ളത്. കൂടാതെ ശ്രീ. അനിൽ കുമാർ മേശയും കസേരകളും കൈപ്പറ്റിയത് 07-06-2017 മാത്രമാണ്. ഇതിൽ നിന്നും സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് വാങ്ങാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായും കാണാം.

7. സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്റ്റീൽ /മരം എന്നിവയിൽ നിർമ്മിച്ച മേശയും കസേരയും മാത്രമേ നൽകാൻ പാടുള്ളൂ. എന്നാൽ ഫൈബർ കസേരയാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത് . ഒരു കുട്ടിക്ക് 2 കസേര വീതമാണ് നൽകിയിരിക്കുന്നത് .

8. അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ 9,10,11,12,13,14 എന്നീ നമ്പറുകാരെ ഒഴിവാക്കി 17ാം നമ്പറുകാരന് സഹായം നൽകിയതിന്റെ കാരണവും 4,5 ക്രമ നമ്പറുകാർ തന്നെ 15,16 ക്രമ നമ്പറായി ഉൾപ്പെട്ടതായും കാണുന്നു.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/ 05-08-2017 നുള്ള മറുപടിയിൽ സെക്രട്ടറിയുടെ അധിക ചുമതലയുള്ളതിനാലാണ് വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്യാൻ വൈകിയത് എന്നും ഗുണഭോക്താക്കൾ അപേക്ഷയിൽ തീയ്യതി തെറ്റായി രേഖപ്പെടുത്തിയതാണെന്നും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തയാൾ ഗ്രാമസഭ മിനുട്സിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നുമാണ്. മറുപടി തൃപ്തികരമല്ലാത്തതിനാലും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫൈബർ കസേര വാങ്ങി നൽകിയതിനാലും, ഒരു സ്റ്റീൽ /മരം കസേര നൽകുന്നതിനു പകരം രണ്ട് ഫൈബർ കസേരകൾ നൽകിയതിനാലും, ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്കും ഗുണഭോക്തൃ പട്ടികയിലെ മുൻഗണന പാലിക്കാതെ ആനുകൂല്യം നൽകിയതിനാലും, ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിലെ അപാകങ്ങൾ കാരണവും ഗുണഭോക്തൃ പട്ടിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാത്തതിനാലും ചെലവ് തുക ₹39102 തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഭരണ സമിതി വിശദമായി അന്വേഷണം നടത്തി യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-9 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കൽ -സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചില്ല - ചെലവ് തുക ₹400000 തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ :അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ : 40 /17

പ്രോജക്ടിന്റെ പേര് : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കൽ

അടങ്കൽ : വികസന ഫണ്ട് എസ്.സി.പി -- ₹ 800000

ചെലവ് : ബിൽ നമ്പർ : 08/16-17 / 28-02-2017 -- ₹ 100000

: ബിൽ നമ്പർ : 09/16-17 / 28-02-2017 -- ₹ 100000

: ബിൽ നമ്പർ : 14/16-17 / 29-03-2017 --₹ 150000

: ബിൽ നമ്പർ : 14/16-17 / 29-03-2017 -- ₹ 50000

ആകെ : ₹400000

മേൽ പ്രോജക്ട് പ്രകാരം 8 ഗുണഭോക്താക്കൾക്ക് പഠനമുറി ഒരുക്കുന്നതിനുവേണ്ടിയാണ് തുക വകയിരുത്തിയിരുന്നത് . ഇതിൽ 3 പേർക്ക് ₹100000 വീതം സബ്സിഡിയും 2 പേർക്ക് മുൻകൂറായി ₹50000 മാണ് അനുവദിച്ചത്.

പഠനമുറി അനുവദിക്കുന്നതിന് സ.ഉ.(സാധാ) നം.626/16 തസ്വഭവ . തീയ്യതി 15-02-2016 പ്രകാരമുള്ള വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു.

1.നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളവയായിരിക്കണം.

2.നിർമ്മിക്കുന്ന പഠനമുറിക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുണ്ടായിരിക്കണം.

3. എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട എഞ്ചിനീയർ മെഷർമെന്റ് എടുക്കണം.

4. മെഷർമെന്റ് അടിസ്ഥാനമാക്കി പരമാവധി 1 ലക്ഷം രൂപ അനുവദിക്കാവുന്നതാണ്.

എന്നാൽ ഈ വ്യവസ്ഥകൾ ഒന്നും ഇവിടെ പാലിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പഠനമുറി പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയ ശ്രീ.ശരവണൻ. എം എന്നയാളുടെ നിലവിലുള്ള വീട് എ 3. 8663 /16 തീയ്യതി 27-01-2017 നിരാക്ഷേപ പത്രം പ്രകാരം ഗ്രൗണ്ട് ഫ്ളോർ - 50.38 ച.മീ + ഫസ്റ്റ് ഫ്ളോർ - 27.48 ച.മീ = 77.86 ച.മീ ,അതായത് 77.86 x 10.76 = 837.77 ചതുരശ്ര അടിയാണ്. മേൽ ഉത്തരവു പ്രകാരം. നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളവയായിരിക്കണം. അതിനാൽ തന്നെ ശരവണൻ ആനുകൂല്യത്തിന് അർഹനല്ല.

2. പഠനമുറി പൂർത്തിയാക്കിയ ശ്രീ.ശരവണൻ. എം, ശ്രീമതി.ചിത്ര.ടി.സി, ശ്രീ.ദിനേശൻ.സി.എൻ എന്നിവരിൽ ശ്രീ.ശരവണൻ. എം, ശ്രീമതി.ചിത്ര.ടി.സി,എന്നിവർ പഠനമുറിയുടെ മൂല്യനിർണ്ണയപത്രമാണ് ഹാജരാക്കിയിരിക്കുന്നത്. ആരും തന്നെ ബന്ധപ്പെട്ട എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ്, മെഷർമെന്റ് എടുത്ത രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. മുൻകൂർ തുക കൈപ്പറ്റിയ ശ്രീ. മനോഹരൻ.കെ., സുരേഷ് കുമാർ പി. എൻ ഉൾപ്പെടെ എല്ലാ ഗുണഭോക്താക്കളും മുദ്രപത്രത്തിൽ കരാർ വ്യവസ്ഥകൾ ഒന്നും തന്നെ എഴുതി ഒപ്പു വെച്ചിട്ടുമില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ 4/05-08-2017 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ശ്രീ. ശരവണൻ എം എന്നയാളുടെ നിലവിലുള്ള വീടിന്റെ തറയുടെ വിസ്തീർണ്ണം 50.38 ച.മീ മാത്രമേയുള്ളൂ എന്നും പ്ലാൻ സമർപ്പിച്ചപ്പോൾ മുകളിൽ പുതുതായി പണിതുവരുന്ന പഠനമുറിയുടെ പ്ലാനും ഉൾപ്പെടുത്തിയതുകൊണ്ടാണ് അപാകത സംഭവിച്ചത് എന്നും മുദ്രപത്രത്തിൽ ആവശ്യമായ കരാർ എഴുതി ചേർക്കുന്നതാണെന്നും എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നു എന്നുമാണ് അറിയിച്ചത്. ഈ മറുപടി സ്വീകാര്യമല്ല. കൂടാതെ ഓവർസീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് ആയതിനാലും ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാത്തതിനാലും ഉത്തരവിനു വിരുദ്ധമായി നിലവിലുള്ള വീടിന് പരിധിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതിനാലും ചെലവ് തുക ₹400000 ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

## 3-10 ഹോമിയോ ഡിസ്പെൻസറിയിൽ മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 138/17

പ്രോജക്ടിന്റെ പേര് : ഹോമിയോ ഡിസ്പെൻസറിയിൽ മരുന്ന്

അടങ്കൽ : വികസന ഫണ്ട് -- ₹100000

ചെലവ് : ബിൽ നമ്പർ : 18/16-17 / 23-01-2017 -- ₹100000

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങിക്കുന്നതിനായി ഇൻവോയ്സ് നം 745/ 21-12-2016 ന്റെ അടിസ്ഥാനത്തിൽ ₹100000/- കേരള സംസ്ഥാന ഹോമിയോപ്പതിക്ക് സഹകരണ ഫാർമസി ലിമിറ്റഡ് ആലപ്പുഴ എന്ന സ്ഥാപനത്തിന് ഡിമാന്റ് ഡ്രാഫ്റ്റായി (ഡി.ഡി.042369 dtd. 25-01-2017) നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയ്യതിവരെയും മരുന്ന് ലഭിച്ചിട്ടില്ല. കൂടാതെ സ്ഥാപനവുമായി കരാർ വെച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ വൈകിയതിന് ഒരു ന്യായീകരണവുമില്ല. മരുന്ന് ലഭ്യമായതിന്റെ വിവരം സ്റ്റോക്ക് റജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-11 ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ - ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

ജി.ഒ (എം.എസ്) 4/2016/ത.സ്വ.ഭ.വ 11-01-16 അനുബന്ധം 15 ഖണ്ഡിക 7.18പ്രകാരം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ട നടപടിക്രമം വിശദീകരിക്കുന്നുണ്ട്. ഇതിൽ ഖണ്ഡിക 2.എ.(x) പ്രകാരം അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് തദ്ദേശ ഭരണസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ഗുണഭോക്തൃ ലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ല) അങ്ങനെ ചെയ്യാത്ത പക്ഷം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ പാടില്ല. അങ്ങനെ ചെയ്താൽ അതിന്റെ ബാധ്യത തുക നൽകിയ ഉദ്യോഗസ്ഥനായിരിക്കും എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ വെബ്സൈറ്റായ www.lsgdkerala.in/pinarayipanchayat പരിശോധിച്ചതിൽ ഗുണഭോക്തൃ ലിസ്റ്റ് ഒന്നും തന്നെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ 10/07-08-2017 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മുൻഗണനാ ലിസ്റ്റ് തദ്ദേശ ഭരണസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയെങ്കിലും ആയത് വെബ്സൈറ്റിൽ കൊടുക്കാൻ വിട്ടുപോയിട്ടുണ്ട് എന്നാണ് അറിയിച്ചത്. ഇക്കാര്യത്തിൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 ഡെപ്പോസിറ്റ് വർക്കുകൾ /വിഹിതം നൽകൽ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ | പ്രോജക്ട് നം&പേര് | വൗച്ചർ/ബിൽ | തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|

| നമ്പർ | | നമ്പർ & തീയ്യതി | | |
|---|---|---|---|---|
| 1 | 104/17--അംഗൻവാടികൾക്ക് വാട്ടർ കണക്ഷൻ | ബിൽ നം. 29/16-17 തീയ്യതി 07-03-2017 | ₹ 356500 | എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, വാട്ടർ സപ്ലൈ ഡിവിഷൻ, കണ്ണൂർ |
| 2 | 136/17- തെരുവ് നായ്ക്കളെ വന്ധ്യംകരണം ചെയ്യൽ | ബിൽ നം. 25/16-17 തീയ്യതി 28-02-2017 | ₹100000 | ജില്ലാ പഞ്ചായത്ത്, കണ്ണൂർ |
| 3 | 147/17— തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | ബിൽ നം. 35/16-17 തീയ്യതി 31-03-2017 | ₹2053525<br>₹20,225 | കെ.എസ്.ഇ.ബി.പിണറായി സെക്ഷൻ--₹17,78,825 ₹20,225<br>കെ.എസ്.ഇ.ബി. കതിരൂർ സെക്ഷൻ- ₹ 143800, ₹20,225<br>കെ.എസ്.ഇ.ബി. വേങ്ങാട് സെക്ഷൻ-₹ 130900 |
| 4 | 158/17— ഐ.കെ.എം ന് വിഹിതം നൽകൽ | ബിൽ നം. 24/16-17 തീയ്യതി. 28-02-2017 | ₹ 41575 | ഐ.കെ.എം |
| 5 | 163/17 പുത്തൻകണ്ടം അംഗൻവാടിക്ക് വാട്ടർ കണക്ഷൻ | ബിൽ നം. 28/16-17 തീയ്യതി. 07-03-2017 | ₹ 90000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, വാട്ടർ സപ്ലൈ ഡിവിഷൻ, കണ്ണൂർ |

**3-13 സ്കൂൾ വിദ്യാർഥികൾക്ക് കളരി/യോഗ പരിശീലനം -ഭക്ഷണചെലവ് ക്വട്ടേഷൻ / ടെണ്ടർ,സബ് വൗച്ചറുകൾ എന്നിവ ഹാജരാക്കിയില്ല- ₹86400 തടസ്സപ്പെടുത്തുന്നു.**

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 118/17

പ്രോജക്ടിന്റെ പേര് : സ്കൂൾ വിദ്യാർഥികൾക്ക് കളരി/യോഗ പരിശീലനം

അടങ്കൽ : ₹133000 ( വികസന ഫണ്ട് -- ₹117600

തനത് ഫണ്ട് -- ₹ 15400 )

ചെലവ് : ₹122130 --വികസന ഫണ്ട്-- ₹117600

( ബിൽ നമ്പർ : 34/16-17 / 31-03-2017)

തനത് ഫണ്ട് -- ₹ 4530

(ചെക്ക് നമ്പർ 031976 / 31-03-2017 -- ₹ 2050

ചെക്ക് നമ്പർ 031977 / 31-03-2017 -- ₹ 500

ചെക്ക് നമ്പർ 031978/ 31-03-2017 -- ₹ 500

ചെക്ക് നമ്പർ 031979 / 31-03-2017 -- ₹ 480

ചെക്ക് നമ്പർ 031980 / 31-03-2017 -- ₹ 1000)

പിണറായി ഗ്രാമപഞ്ചായത്തിലെ ആർ.സി. അമല ബേസിക് യു.പി.സ്കൂൾ, പാനുണ്ട ബേസിക് യു.പി.സ്കൂൾ എന്നിവിടങ്ങളിൽ വെച്ച് ഹാജർ പട്ടിക പ്രകാരം യഥാക്രമം 35, 46 വിദ്യാർഥികൾക്ക് കളരി പരിശീലനം നൽകുകയാണ് പ്രസ്തുത പ്രോജക്ട് പ്രകാരം ചെയ്തിരിക്കുന്നത് .

പരിശീലന പരിപാടിക്ക് 80 കുട്ടികൾക്ക് 60 ദിവസത്തേക്ക് ഒരു കുട്ടിക്ക് ₹18 നിരക്കിൽ പാൽ,മുട്ട വിതരണം ചെയ്ത ഇനത്തിൽ പിണറായി ക്ഷീരോൽപാദക സഹകരണ സംഘം വനിതാ യൂണിറ്റിന് ₹86400 (80 x 60 x 18 ) നൽകിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ക്വട്ടേഷൻ / ടെണ്ടർ , ഓരോ പരിശീലന കേന്ദ്രത്തിലേക്കും വിതരണം ചെയ്ത മുട്ടയുടെയും പാലിന്റെയും കണക്ക് സംബന്ധിച്ച് സബ് വൗച്ചറുകൾ, ഒരു കുട്ടിക്ക് എത്ര വീതം പാലാണ് നൽകുന്നത് എന്നതിന്റെ കണക്ക് എന്നിവ ലഭ്യമാക്കിയിട്ടില്ല. പരിശീലനം നടന്ന 60 ദിവസങ്ങളിലും എല്ലാ വിദ്യാർഥികളും പങ്കെടുത്തതായി ഹാജർ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ഭക്ഷണ സാധനങ്ങൾ എത്ര അളവിൽ ലഭിച്ചു എന്ന് പരിശീലന കേന്ദ്രത്തിലെ പരിശീലകന്റെയോ നിർവഹണ ഉദ്യോഗസ്ഥന്റെയോ സാക്ഷ്യപ്പെടുത്തലോ ലഭ്യമാക്കിയിട്ടില്ല. പിണറായി ക്ഷീരോൽപാദക സഹകരണ സംഘം വനിതാ യൂണിറ്റാണ് മുട്ടയും പാലും വിതരണം ചെയ്തതെങ്കിലും തുക വനിതാ യൂണിറ്റ് സെക്രട്ടറിയുടെ പേരിലുള്ള കേരള ഗ്രാമീൺ ബേങ്ക് പിണറായി ശാഖയിലെ വ്യക്തിഗത അക്കൗണ്ടായ 4043910011390 എന്നതിൽ നൽകുന്നതിനുള്ള രേഖകളാണ് ഓഡിറ്റിന് ഹാജരാക്കിയിരിക്കുന്നത്. പ്രസ്തുത തുക ക്ഷീരോൽപാദക സഹകരണ സംഘം വനിതാ യൂണിറ്റിന് ലഭിച്ചു എന്നതിനുള്ള രേഖകളും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച ₹86400 തടസ്സപ്പെടുത്തുന്നു.

## 3-14 വെള്ളക്കരം ഒടുക്ക് - മെയിന്റനൻസ് ഫണ്ട് (റോഡിതരം) വിനിയോഗിക്കുന്നത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 35/17

പ്രോജക്ടിന്റെ പേര് : കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടക്കൽ

അടങ്കൽ : ₹511000 – [മെയിന്റനൻസ് ഫണ്ട് (റോഡിതരം) – ₹447125

തനത് ഫണ്ട് – ₹ 63875]

ചെലവ് : ₹447125 [മെയിന്റനൻസ് ഫണ്ട് (റോഡിതരം)]

ജി.ഒ.(എം.എസ്) 330/04 തസ്വഭവ തീ.09.12.2004 നം ഉത്തരവ് പ്രകാരം പൊതു ആവശ്യ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ ചെലവഴിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് പൊതു ആവശ്യഗ്രാന്റ് വിനിയോഗിക്കുമ്പോൾ ഒന്നാമത്തെ മുൻഗണന നൽകേണ്ടത് കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട വെള്ളക്കരം ഒടുക്കുന്നതിനാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2016-17 വർഷം നോൺ റോഡ് മെയിന്റനൻസ് ഫണ്ട് വകയിരുത്തി പ്രൊജക്ട് തയ്യാറാക്കി സപ്തംബർ 2016 മുതൽ മാർച്ച് 2017 വരെയുള്ള ഏഴ മാസത്തെ വെള്ളക്കരം ഒടുക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്.ബാക്കി അഞ്ചു മാസത്തെ വെള്ളക്കരം തനത് ഫണ്ടിൽനിന്നുമാണ് ഒടുക്കിയിട്ടുള്ളത്. നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ചെലവിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു

| ക്രമ നമ്പർ | ബിൽ നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 1 | 08/16-17 | 29-09-2016 | ₹63875 |
| 2 | 10/16-17 | 27-10-2016 | ₹63875 |
| 3 | 12/16-17 | 29-11-2016 | ₹63875 |
| 4 | 16/16-17 | 28-12-2016 | ₹63875 |
| 5 | 20/16-17 | 23-01-2017 | ₹63875 |
| 6 | 23/16-17 | 25-02-2017 | ₹63875 |
| 7 | 31/16-17 | 27-03-2017 | ₹63875 |
| ആകെ | | | ₹447125 |

കൂടാതെ ജി.ഒ (എം.എസ്) 4/16 തസ്വഭവ തീ.11.01.2016 പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 4(3)പ്രകാരം ആവർത്തന സ്വഭാവമുള്ള ചെലവുകൾ പദ്ധതിയുടെ ഭാഗമാക്കേണ്ടതില്ല എന്നും ഇപ്രകാരമുള്ള ചെലവുകൾ തനതു ഫണ്ടിൽനിന്നും വകയിരുത്തി ചെലവഴിക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. വെള്ളക്കരം ഒടുക്കുന്നതിന് പൊതു ആവശ്യ ഗ്രാന്റ്/തനത് ഫണ്ട് ഉണ്ടായിരിക്കെ നോൺ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നത് ശരിയായ നടപടിയല്ല. ഇതിന് മതിയായ വിശദീകരണം ആവശ്യമാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം11/07-08-2017 നുള്ള മറുപടിയിൽ മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കുന്നത് ഒഴിവാക്കി പൊതു ആവശ്യഗ്രാന്റ് വിനിയോഗിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ് എന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

## 3-15 പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് (വനിത)-- അംഗീകാരമില്ലാത്ത ഗുണഭോക്തൃ പട്ടിക പ്രകാരം ആനുകൂല്യം നൽകി / അധിക സബ്സിഡി

<u>അനുവദിച്ച</u>

നിർവഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ,

പ്രോജക്ട് നമ്പർ : 150/17

പ്രോജക്ടിന്റെ പേര് : പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് (വനിത)

അടങ്കൽ : ₹500000 ( വികസന ഫണ്ട് -- ₹450000

ഗുണഭോക്തൃ വിഹിതം നേരിട്ട് -- ₹ 50000)

ചെലവ് : വികസന ഫണ്ട്-- ₹450000

( ബിൽ നമ്പർ : 14/16-17 / 30-03-2017--₹ 450000)

പ്രോജക്ട് പ്രകാരം 100 വനിതകൾക്ക് 2500 ഗ്രോബാഗും 500 പേർക്ക് 100000 തൈകളും വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു

1.പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃ പട്ടിക ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ ഗുണഭോക്തൃ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുമില്ല.

2.പ്രോജക്ട് പ്രകാരം 2500 ഗ്രോബാഗുകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും 100പേർക്ക് നൽകേണ്ടതിനു പകരം 98 പേർക്കാണ് ഗ്രോബാഗ് വിതരണം ചെയ്തിരിക്കുന്നത് . ഇതിൽ രണ്ടുപേർക്ക് 50 വീതം ഗ്രോബാഗ് നൽകിയതിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്. സ.ഉ(എം.എസ്) നമ്പർ 4/2016/തസ്വഭവ/ 11-01-2016 പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ അനുബന്ധം 15 ഖണ്ഡിക 3. 1. 9 പ്രകാരം സ്ഥല വിസ്തൃതി കണക്കിലെടുത്ത് ഒരു കുടുംബത്തിന് പരമാവധി 25 മൺചട്ടി/ ഗ്രോബാഗ് വരെ നൽകാം. കൂടാതെ സ.ഉ.(സാധാ) 50/2017 /ത.സ്വ.ഭ.വ. തീയ്യതി 07-01-2017 ഖണ്ഡിക 8 പ്രകാരം പച്ചക്കറി കൃഷിക്ക് ഗ്രോബാഗ്,വിത്ത്,മിക്സ്ചർ എന്നിവയടക്കം നൽകുന്നതിന് 75% സബ്സിഡിയോ, പരമാവധി ₹ 60 നല്കാവുന്നതാണ്. എന്നാൽ ഇതിനു വിരുദ്ധമായി ഉജിഷ, സന്ധ്യ എന്നിവർക്ക് 50 വീതം ഗ്രോബാഗുകൾക്ക് ₹3000 വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഒരാൾക്ക് 25 ഗ്രോബാഗിന്റെ വിലയായ ₹1500/- (25x60) അധികം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ രണ്ടു പേർക്കും കൂടി ₹3000/- അധികം നൽകിയതും സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. കൂടാതെ ബേങ്ക് അക്കൗണ്ട് വിവരങ്ങളിൽ ഉജിഷ എന്നവരുടെ പേർ ഉൾപ്പെട്ടതായി കാണുന്നില്ല. ബാങ്ക് അക്കൗണ്ട് വിവരം രേഖപ്പെടുത്തിയ പട്ടികയിൽ ശ്രീ. ഷിജുകുമാർ എന്നവരുടെ പേരാണ് കാണുന്നത് . ഇദ്ദേഹത്തിന്റെ ബാങ്ക് അക്കൗണ്ട് നമ്പറായ 67292380603 (IFSC code SBTR0001105) ആണ് തുക നൽകിയിരിക്കുന്നത്.

3. സ.ഉ.(സാധാ) 50/2017/ത.സ്വ.ഭ.വ. തീയ്യതി 07-01-2017 ഖണ്ഡിക 8 പ്രകാരം പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് നൽകുന്നതിൽ ഗ്രോബാഗ്, വിത്ത്, മിക്സ്ച്ചർ എന്നിവയടക്കം നൽകുന്നതിന് 75% സബ്സിഡിയോ, പരമാവധി ₹ 60 നല്കാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് എന്ന പ്രോജക്ടിൽ തൈകൾ വിതരണം ചെയ്യുന്നതും ഉൾക്കൊള്ളിച്ചിരിക്കുന്നു. പാലയാട് കോക്കനട്ട് നഴ്സറിയിലെ ഇൻവോയ്സ് നം CNP 14/17-18 dtd 17-07-2017പ്രകാരം ഒരു ലക്ഷം തൈകൾ 3 രൂപ നിരക്കിൽ ലഭിച്ചതായി കാണുന്നു. ഏതിനം തൈകൾ എത്ര എണ്ണം വീതം ലഭിച്ചെന്നോ ഇവ ആർക്കൊക്കെ വിതരണം ചെയ്തു എന്നോ ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയെന്നോ ഉള്ള വിവരവും ഇവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത വിവരങ്ങളും ഒന്നും ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ 17/08-08-2017 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മാർഗ്ഗരേഖയിൽ പറഞ്ഞകാര്യങ്ങൾ യൂണിറ്റ് ചെയ്തതാണ് എന്നും യഥാർത്ഥത്തിൽ ഗുണഭോക്താക്കൾ രണ്ട് യൂണിറ്റ് വാങ്ങുകയും അതിന്റെ ബില്ല് ആനുകൂല്യത്തിനായി സമർപ്പിച്ചിട്ടുണ്ട് എന്നും 150/17 നമ്പർ പ്രോജക്ടിന്റെ ഗുണഭോക്തൃ പട്ടിക ലഭ്യമാക്കുന്നതാണ് എന്നും ഗ്രോബാഗിന്റെ കൂടെ വിതരണം ചെയ്യുന്നതിനല്ല തൈകൾ വാങ്ങിയത് എന്നും ഗ്രൂപ്പുകൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് നിർദ്ദേശ പ്രകാരം പദ്ധതി തയ്യാറാക്കിയതാണ് എന്നുമാണ്. പ്രസ്തുത മറുപടി തൃപ്തികരമല്ല.

അംഗീകാരമില്ലാത്ത ഗുണഭോക്തൃ പട്ടിക പ്രകാരം സബ്സിഡി അനുവദിച്ചതിനാലും മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചതിനാലും ചെലവ് തുക-₹ 450000 നിരാകരിക്കുന്നു. പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-16 പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് - അനുവദിച്ച അധിക സബ്സിഡി ₹3094 അംഗീകരിക്കുന്നില്ല

നിർവഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ,

പ്രോജക്ട് നമ്പർ : 115/17

പ്രോജക്ടിന്റെ പേര് : പച്ചക്കറി കൃഷിക്ക് ഗ്രോബാഗ്

അടങ്കൽ : ₹230000 ( വികസന ഫണ്ട് -- ₹172500

ഗുണഭോക്തൃ വിഹിതം നേരിട്ട് -- ₹ 57500 )

ചെലവ് : വികസന ഫണ്ട്-- ₹172500

( ബിൽ നമ്പർ : 01/16-17 / 25-02-2017--₹ 150000

ബിൽ നമ്പർ : 12/16-17 / 30-03-2017--₹ 22500)

പ്രോജക്ട് പ്രകാരം 115 പേർക്ക് ( 50 സ്ത്രീകളും 65 പുരുഷന്മാർക്കും) 25 വീതം 2875 ഗ്രോ ബാഗുകൾ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ 113 പേർക്കാണ് ഗ്രോബാഗ് വിതരണം ചെയ്തിരിക്കുന്നത്. സ.ഉ(എം.എസ്) നമ്പർ 4/2016/തസ്വഭവ/ 11-01-2016 പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ അനുബന്ധം 15 ഖണ്ഡിക 3. 1. 9 പ്രകാരം സ്ഥല വിസ്തൃതി കണക്കിലെടുത്ത് ഒരു കുടുംബത്തിന് പരമാവധി 25 മൺചട്ടി/ ഗ്രോബാഗ് വരെ നൽകാം. കൂടാതെ സ.ഉ.(സാധാ) 50/2017 /ത.സ്വ.ഭ.വ. തീയ്യതി 07-01-2017 ഖണ്ഡിക 8 പ്രകാരം പച്ചക്കറി കൃഷിക്ക് ഗ്രോബാഗ്,വിത്ത്,മിക്സ്ച്ചർ എന്നിവയടക്കം നൽകുന്നതിന് 75% സബ്സിഡിയോ, പരമാവധി ₹ 60 നല്കാവുന്നതാണ്. എന്നാൽ ശ്രീ. സി. എൻ.ചന്ദ്രൻ എന്നയാൾക്ക് 75 ഗ്രോബാഗുകൾ വാങ്ങിയതിന് ഒന്നിന് ₹60 പ്രകാരം 75 എണ്ണത്തിന്റെ സബ്സിഡിതുകയായ ₹4500 കേരള ഗ്രാമീൺ ബേങ്ക് പിണറായി ശാഖയിലെ അക്കൗണ്ട് നമ്പർ 18095064879 ലേക്ക് മാറ്റിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു കുടുംബത്തിന് പരമാവധി 25 ഗ്രോബാഗുകൾ മാത്രമേ നൽകാൻ പാടുള്ളൂ. ഇതിനുവിരുദ്ധമായി 75 ഗ്രോബാഗുകൾക്കുള്ള സബ്സിഡി നൽകിയിട്ടുണ്ട് . എന്നാൽ 50ഗ്രോബാഗുകൾ വാങ്ങിയതിന്റെ വൗച്ചർ മാത്രമേ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളൂ. കൂടാതെ അപേക്ഷയോ മറ്റ് അനുബന്ധ രേഖകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

കൂടാതെ ഒരു ബാഗിന് വിലയുടെ 75% മോ , പരമാവധി ₹ 60യോ നല്കാവുന്നതാണ്. എന്നാൽ ശ്രീ. സി. എൻ.ചന്ദ്രന് വിലയുടെ 75% കൂടുതൽ നൽകിയിട്ടുണ്ട്. ശ്രീ. സി. എൻ.ചന്ദ്രനിൽ നിന്നും ഒരു

ബാഗിന് ₹75 വെച്ചാണ് അഗ്രോ സർവ്വീസ് സെന്റർ പിണറായി എന്ന സ്ഥാപനം ഈടാക്കിയിട്ടുള്ളത്. ആയതിനാൽ ഒരു ബാഗിന് പരമാവധി നല്കാവുന്ന സബ്സിഡി ₹56.25 ( 75 x75% )അതായത് 25 ബാഗിന് ₹ 1406 (56.25 x 25). ഈ ഇനത്തിൽ ₹3094 അധികം നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-17 തരിശുഭൂമി പച്ചക്കറി കൃഷി- ചെലവ് രേഖകൾ ഹാജരാക്കിയില്ല ₹35000/- തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥലൻ : കൃഷി ഓഫീസർ,

പ്രോജക്ട് നമ്പർ : 77/17

പ്രോജക്ടിന്റെ പേര് : തരിശുഭൂമി പച്ചക്കറി കൃഷി

അടങ്കൽ : ₹954000 ( വികസന ഫണ്ട് -- ₹659000

ബ്ലോക്ക് വിഹിതം -- ₹ 35000

ഗുണഭോക്തൃ വിഹിതം നേരിട്ട് -- ₹ 260000 )

ചെലവ് : വികസന ഫണ്ട്-- ₹659000

( ബിൽ നമ്പർ : 15/16-17 / 30-03-2017--₹ 659000 )

മേൽ പ്രോജക്ട് പ്രകാരം 70 ഗുണഭോക്താക്കൾക്ക് പച്ചക്കറി വിത്ത്, നിലമൊരുക്കൽ, ജൈവവളം എന്നീ ഇനങ്ങളിൽ ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ ₹ 659000 വിതരണം ചെയ്തിട്ടുണ്ട്. ബ്ലോക്ക് വിഹിതമായ ₹35000/- ബിൽ നമ്പർ 865/16-17 തീയ്യതി 31-03-2017 പ്രകാരം (ചെക്ക് നമ്പർ 0725281/31-03-2017) ഗ്രാമപഞ്ചായത്തിൽ നിന്നും കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. പദ്ധതി ചെലവിനത്തിൽ പ്രസ്തുത തുക ഉൾപ്പെട്ടിട്ടുണ്ടെങ്കിലും 30-06-2017 ന് മാത്രമാണ് ഈ തുക കൃഷി ഓഫീസറുടെ പേരിലുള്ള തലശ്ശേരി സബ് ട്രഷറിയിലെ സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളത്. കൂടാതെ ഇതിന്റെ ചെലവ് വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹ 35000/- തടസ്സപ്പെടുത്തുന്നു.

## 3-18 സബ്സിഡി തുക ചെലവഴിക്കാതെ കൃഷി ഓഫീസറുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ ബാക്കി കിടക്കുന്നു

തലശ്ശേരി സബ് ട്രഷറിയിൽ കൃഷി ഓഫീസറുടെ സ്പെഷൽ. ടി.എസ്.ബി അക്കൗണ്ടിൽ (നം 14/68) 30-06-2017 ൽ ₹236310 നീക്കിയിരിപ്പുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 12-04-2017 ൽ സ്പെഷൽ. ടി.എസ്.ബി അക്കൗണ്ടിൽ ₹188170 നീക്കിയിരിപ്പുണ്ട് എന്നാണ് അറിയിച്ചത്. തുകയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|
| 1 | ഗ്രോബാഗ് | 10500 |
| 2 | നെൽ കൃഷി വികസനം | 48000 |
| 3 | തെങ്ങു കൃഷി വികസനം | 56260 |
| 4 | വാഴ കൃഷി വികസനം | 10755 |

| | | |
|---|---|---|
| 5 | പച്ചക്കറി വികസനം | 62655 |
| ആകെ | | 188170 |

മറുപടിയിൽ ലഭ്യമാക്കിയതുകക്ക് പുറമെ 30.06.2017 ന് ബ്ലോക്ക് വിഹിതമായി ലഭിച്ച 35000/-കൂടി (പ്രൊജക്ട് നം. 77/17) നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുകകൾ ട്രഷറിയിൽ നിന്ന് ഐ.എഫ്.എസ്.സി കോഡ് ഇല്ലാത്തതിനാൽ സഹകരണബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാൻ പറ്റാത്ത തുകയാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. മേൽ തുകകൾ ഗുണഭോക്താക്കൾക്ക് നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## **3-19** മഴക്കാല പൂർവ്വ ശുചീകരണം - സമയബന്ധിതമായി നടപ്പിലാക്കിയില്ല ചെലവ് തുക **₹195000** തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ്വ ശുചീകരണത്തിനായി ശുചിത്വ മിഷനിൽ നിന്നും ലഭിച്ച ₹190000/- വൗച്ചർ നം. 21600200 തീയ്യതി 30-06-2016 പ്രകാരം ₹10000/- വീതം 19 വാർഡ് തല ശുചിത്വ കമ്മിറ്റി കൺവീനർമാർക്കും, തനത് ഫണ്ട് വിഹിതമിനത്തിൽ ₹5000/- (വൗച്ചർ നം. 21600647 തീ.19.12.2016) വാർഡ് V ശുചിത്വ കമ്മിറ്റി കൺവീനർക്കും മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ വിവരം എല്ലാ വാർഡ് ശുചിത്വ കമ്മിറ്റി കൺവീനർമാരും ഹാജരാക്കിയിട്ടില്ല. I, VI, XVII, XIX എന്നീവാർഡുകൾക്ക് ശുചിത്വ മിഷനിൽ നിന്നും ലഭിച്ച ₹10,000/- ന്റെയും വാർഡ് V ന് തനത് ഫണ്ടിൽ നിന്നു നൽകിയ ₹5000/- ന്റെയും വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായി. വൗച്ചറുകൾ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മഴക്കാല പൂർവ്വ ശുചീകരണം ലക്ഷ്യമിട്ടാണ് തുക അനുവദിച്ചിട്ടുള്ളത് എന്നാൽ മിക്ക വാർഡുകളിലും ശുചീകരണം നടത്തിയിരിക്കുന്നത് ജൂൺ മാസം കഴിഞ്ഞതിനു ശേഷമാണ്. വാർഡ് XVII ലെ പ്രവർത്തനങ്ങൾ നടത്തിയിരിക്കുന്നത് 2016 ജൂലൈ മാസവും, വാർഡ് VI ലേത് 2017 ജനുവരി,ഫിബ്രവരി മാസങ്ങളിലും, വാർഡ് V ലേത് 2016 നവംബർ മാസവുമാണ്. ഈ വൗച്ചറുകൾ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ചതാകട്ടെ 2017 ആഗസ്റ്റ് മാസവും. മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ (ഡി.സി)വകുപ്പ് 01-04-2016 ൽ പുറപ്പെടുവിച്ച 201/ഡി,സി. 1/2016 ത.സ്വ.ഭ.വ .നമ്പർ സർക്കുലറിൽ നടത്തേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇതുപ്രകാരം ഏപ്രിൽ മാസം തുടങ്ങി ജൂൺ അവസാനം വരെ നീണ്ടുനിൽക്കുന്ന വിപുലമായ കർമ്മ പരിപാടികൾ സംഘടിപ്പിക്കണം എന്നും 2016 ജൂൺ 30 ന് മുമ്പ് ചെലവഴിക്കുന്ന തുക മാത്രമേ ചെലവായി കണക്കാക്കു എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായാണ് കണക്കുകൾ ലഭ്യമാക്കിയ അഞ്ചിൽ മൂന്ന് വാർഡ് തല ശുചിത്വ കമ്മിറ്റികളും പ്രവർത്തനം ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്.

2. ഖണ്ഡിക 14 ൽ ക്യാമ്പയിന്റെ ഫണ്ട് വരവ് ചെലവ് സംബന്ധിച്ച് പൊതു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതുപ്രകാരം സർക്കാർ നിർദ്ദേശങ്ങളനുസരിച്ച് വാർഡ് തല മഴക്കാല പൂർവ്വ ക്യാമ്പയിനുകളും ശുചിത്വ പ്രവർത്തനങ്ങളും കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ് . ആയതിന്റെ പരിപൂർണ്ണ ഔദ്യോഗിക ഉത്തരവാദിത്വവും സെക്രട്ടറിമാർക്ക് തന്നെ ആയിരിക്കുന്നതുമാണ്. ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ കാമ്പയിൻ കഴിഞ്ഞ് ഒരാഴ്ചക്കകം ബന്ധപ്പെട്ട സെക്രട്ടറിമാർ വാർഡ് സമിതികളിൽ നിന്നും ശേഖരിക്കേണ്ടതാണ്. സെക്രട്ടറിമാർ ഒറിജിനൽ വൗച്ചറുകൾ പഞ്ചായത്തിൽ സൂക്ഷിക്കുകയും കമ്മിറ്റിയുടെ അംഗീകാരത്തോടെ വിനിയോഗ സർട്ടിഫിക്കറ്റ് അതാത് ഏജൻസികൾക്ക് നൽകേണ്ടതുമാണ് എന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കാമ്പയിൻ കഴിഞ്ഞ് ഒരു വർഷം പൂർത്തിയായിട്ടും 19 വാർഡുകളിൽ നാലു വാർഡുകൾ മാത്രമേ ശുചിത്വമിഷൻ ഫണ്ടിന്റെ മുൻകൂർ തുക

ക്രമീകരിച്ചിട്ടുള്ളൂ. ബാക്കി 15 വാർഡുകളിലെയും മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല. ഇതിൽ രണ്ടു വാർഡുകളുടെ ചെലവുകൾ അംഗീകരിക്കാൻ സാധിക്കാത്തവയുമാണ്. തനത് ഫണ്ട് ഒരു വാർഡിന് മാത്രമേ നൽകിയിട്ടുള്ളൂ. ഈ തുക 2017 ജനവരി, ഫിബ്രവരി മാസങ്ങളിലാണ് ചെലവഴിച്ചതും. ഇത്തരത്തിൽ മഴക്കാല പൂർവ്വ ശുചീകരണ കാമ്പയിൻ തികച്ചും നിരുത്തരവാദപരമായാണ് നടപ്പിലാക്കിയത് എന്നു കാണാം. കൂടാതെ സർക്കുലർ പ്രകാരം പഞ്ചായത്ത് ചെയ്യേണ്ട കാര്യങ്ങളായ, വാർഡ് തല ശുചിത്വ കൂട്ടായ്മ, പഞ്ചായത്ത് തല കർമ്മ പരിപാടി രൂപീകരിക്കൽ, 'ഡ്രൈഡേ' സന്ദേശം വിവര വിജ്ഞാനവ്യാപനം തുടങ്ങിയ കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കിയിട്ടുണ്ടോ എന്നുള്ളതിനുള്ള രേഖകൾ ഒന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല.

മേൽ കാരണങ്ങളാൽ ഈ ഇനത്തിൽ മുൻകൂറായി നൽകിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. എല്ലാ രേഖകളും സെക്രട്ടറി വിശദമായി പരിശോധിക്കേണ്ടതും ചെലവഴിക്കാത്ത തുക ഉണ്ടെങ്കിൽ ആയത് വാർഡ് തല ശുചിത്വ കമ്മിറ്റി കൺവീനറിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 210300 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 210300 | Nil |
| ബ്ലോക്ക് പഞ്ചായത്ത്, തലശ്ശേരി | 2000000 | പഞ്ചായത്ത് ശ്മശാനത്ത് ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണം | - | 2000000 |
| ബ്ലോക്ക് പഞ്ചായത്ത്, തലശ്ശേരി | 35000 | തരിശുഭൂമി പച്ചക്കറി കൃഷി | 35000 | Nil |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽ വിവരം ചേർത്തിട്ടുള്ളത്. മുൻവർഷങ്ങളിൽ ലഭിച്ച് ഇതുവരെയായി ചെലവഴിക്കാൻ ബാക്കിയായ ഫണ്ടുകൾ (അക്കൌണ്ടിലെ ബി 4 ഷെഡ്യൂൾ പ്രകാരം കാണിച്ചിട്ടുള്ളത്) സർക്കാർ നിർദ്ദേശപ്രകാരം ചെലവഴിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ/ബാക്കി തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | 104/17-വിവിധ അംഗൻവാടി വാട്ടർകണക്ഷൻ | | 356500 | 356500 | 0 |
| KWA | പുത്തംകണ്ടം അംഗൻവാടി വാട്ടർകണക്ഷൻ | | 90000 | 90000 | 0 |

വാർഷിക കണക്ക് ബി-18 ഷെഡ്യൂൾ പ്രകാരം വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ് എന്നിവയ്ക്ക് മുൻ വർഷങ്ങളിൽ മുൻകൂർ നൽകിയ തുക യഥാക്രമം 4,24,770/-, 44,000/- രൂപ ചെലവഴിച്ചതിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെൻറ് കോ-ഓപ്പ് ലിമിറ്റഡ് | 20000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച-52851 /-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2015-16 | Para-3-14 | 14100 | എ.അശോകൻ | 11603107064/ 03.03.2017 |
| 2013-14, 2014-15 | 3-9 | 38751 | എം.ഡി പിക്കോസ് | 11602900038/ 01.03.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-5 | 2014-15 | 27/26.06.2014 | 2011-12, 2012-13<br>പ്രൊജക്ട് 23/11-12 കേരളോൽസവം ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയത് വ്യാജ വൗച്ചർ നിർമ്മിച്ച് സമർപ്പിച്ചത്. | 136740/-തിരിച്ചടച്ചു. തടസ്സം നിലനിൽക്കുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2016-17 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | 47565444 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് * | 50008552 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 453094 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1065452 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-15 | - | 450000 | അജിമോൾ.ഇ.കെ, കൃഷി ഓഫീസർ |
| 3-16 | - | 3094 | അജിമോൾ.ഇ.കെ, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,45,000 | ഡോ.ശ്രീധർ രാജൻ, വെറ്റിനറി സർജൻ |
| 3-2 | 24,950 | ഡോ.ശ്രീധർ രാജൻ,വെറ്റിനറി സർജൻ |
| 3-3 | 40,000 | ഡോ.ശ്രീധർ രാജൻ,വെറ്റിനറി സർജൻ |
| 3-8 | 39102 | പ്രേമൻ.സി.എം,അസി.സെക്രട്ടറി |
| 3-9 | 400000 | പ്രേമൻ.സി.എം,അസി.സെക്രട്ടറി |
| 3-13 | 86400 | പ്രേമൻ.സി.എം,അസി.സെക്രട്ടറി, (സെക്രട്ടറിയുടെ ചുമതല) |
| 3-17 | 35000 | അജിമോൾ.ഇ.കെ, കൃഷി ഓഫീസർ |
| 3-19 | 195000 | സുർജിത് എം, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-1, 3-15

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജിമോൾ.ഇ.കെ. കൃഷി ഓഫീസർ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, കണ്ണൂർ | ആൾട്ടിയസ് മൌവ്വേരി പാച്ചപ്പൊയ്ക |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.സി8/1131/02തീയതി 12.2.2002 |
| 1999-00 | എൽ.എഫ്.സി8/954/03, തീയതി 12.09.2003 |
| 2000-01 | എൽ.എഫ്.സി8/958/03, തീയതി 12.09.2003 |
| 2002-03 | എൽ.എഫ്.ഡി17/1546/05, തീയതി 06.07.2006 |
| 2003-04 | എൽ.എഫ്.ഡി13/1680/06, തീയതി 15.05.2007 |
| 2004-05 | എൽ.എഫ്.ഡി13/966/08, തീയതി 24.02.2009 |
| 2005-06 | എൽ.എഫ്.ഡി3/967/08, തീയതി 20.02.2009 |
| 2006-07 | എൽ.എഫ്.സി8/267/08, തീയതി 7.12.2009 |
| 2007-08 | എൽ.എഫ്.സി8/19/11, തീയതി 13.06.2011 |
| 2008-09 | എൽ.എഫ്.സി8/20/11, തീയതി 13.06.2011 |
| 2009-10<br>2010-11 | എൽ.എഫ്.സി8/1040/12 തീയതി 22.11.2012 |
| 2011-12,<br>2012-13 | എൽ.എഫ്./കെ.എൻ.ആർ/സി8/1016/14<br>തീയതി 18.11.2014/15.01.2015 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി6-1168/16<br>തീയതി 01.08.2016 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി8-2042/16<br>തീയതി 01.12.2016 |

.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

.

## അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.-കെ.എൻ.ആർ/സി.7/1419/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ

ഇ-മെയിൽ – doknr.ksad@kerala.gov.in

ഫോൺ – 04972-707698

തീയ്യതി – 04.10.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നിർവ്വഹിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പിണറായി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

APPENDIX - 1

AUDIT CERTIFICATE

No.KSA-KNR/C7/1419/2017

Kerala State Audit Department,
District Audit Office, Kannur,

Phone 04972-707698

E-Mail. doknr.ksad@kerala.gov.in

Date: 04.10.2017

Certified that I have audited the Annual Financial Statement of Pinarayi Gramapanchayath in KANNUR District for the year ended on 31.3. 2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Pinarayi Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR,

KERALA STATE AUDIT DEPARTMENT

.

**അനുബന്ധം2**

# Income & Expenditure statement For the period from 01-April 2016 to 31 March 2017 Pinarayi Grama Panchayath

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 4,506,313.00 |
| 130000000 | Rental Income from panchayath properties | 1-3 | 65,442 |
| 140000000 | Fee &User charges | I-4(b) | 596,455.00 |
| 150000000 | Sale &Hire Charges | I-5(b) | 45,209.00 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 86,370,436.00 |
| 171000000 | Interest Earned | I-8 | 248,815.00 |
| 180000000 | Other Income | I-9 | 4.00 |
| A | Total Income | | 91,832,674.00 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 8,008,155.00 |
| 220000000 | Administrative Expenses | I-11(b) | 782,425.00 |
| 230000000 | Operations & Maintanance | I-12(b) | 1,125,911.00 |
| 240000000 | Interest & Finance Charges | I-13 | 2,250.00 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 11,724,389.00 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 14,099,674.00 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 1,089,482.00 |
| 253000000 | Decentralised Plan programme – Projects | I-14(c) | 730,048.00 |

| | | | |
|---|---|---|---|
| | not included in Sector Division | | |
| 254000000 | Expenditures of Transferred Institutions & State Sponsored Schemes(not included under Decentralised Plan Programme) | I-14(d) | 51,035,225.00 |
| 255000000 | Maintenance Projects | I-14(e) | 4,591,347.00 |
| 272000000 | Depreciation | 1-17(a) | 1,385,391.00 |
| B | Total - Expenditure | | 94,574,297.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | (2,741,623.00) |
| D=280000000 | Prior period Item | I-18 | (358,002.00) |
| E=C-D<br>290000000 | Gross Surplus/Deficit of Income over Expenditure after prior period items<br>Transfer to reserve funds | | (3,099,625.00) |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

.

DEPUTY DIRECTOR

<u>അനുബന്ധം3</u>

# Receipt And Payment Statement For the period from 01-April 2016 to 31 March 2017 Pinarayi

# Grama Panchayat

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 22,246,068.95 |
| | Cash | RP-40(a) | 26,733.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP- 1 | 1,185,760.00 |
| 140000000 | Fees & User Charges | RP- 4 | 479,205.00 |
| 150000000 | Sale & Hire Charges | RP- 5 | 34,052.00 |
| 160000000 | Revenue Grants ,Funds,Contributions & Compensations | RP- 7 | 11,246,220.00 |
| 171000000 | Interest Earned | RP- 9 | 248,815.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 29,577,847.00 |
| 350000000 | Other Liabilities | RP-36 | 1,417,295.00 |
| 431000000 | Sundry Debtors(Receivables) | RP-43 | 46,569.00 |
| Non Operating | | | |

| | | | |
|---|---|---|---|
| 180000000 | Other Income | RP-10 | 4.00 |
| 311000000 | Earmarked Funds | RP- 29 | 16,872.00 |
| 340000000 | Deposits Received | RP- 34 | 32,664.00 |
| 350000000 | Other Liabilities | RP-36 | 162,159.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 2,565,340.00 |
| 460000000 | Loans,Advances and Deposits | RP- 47 | 552,642.00 |
| Grand Total | | | 69,838,245.95 |
| | Payments | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 2,190,812.00 |
| 220000000 | Administrative Expenses | RP-12 | 782,425.00 |
| 230000000 | Operatations & Maintanance | RP-13 | 1,125,911.00 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 4,539,359.00 |
| 251000000 | Decentralised plan programme – Service Sector | RP-16 | 11,929,688.00 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 719,777.00 |
| 253000000 | Decentralised plan programme – projects not included in service sector | RP-18 | 730,048.00 |

| | | | |
|---|---|---|---|
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 756,360.00 |
| 255000000 | Maintanance Projects | RP-20 | 4,591,347.00 |
| 280000000 | Prior Period Item | RP-26 | -30,234.00 |
| 320000000 | Grants,Funds & Contributions for Specific Purposes | RP-31 | 231,585.00 |
| 350000000 | Other Liabilities | RP-36 | 6,512,510.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 2,250.00 |
| 280000000 | Prior Period Item | RP-26 | -360.00 |
| 340000000 | Deposits Received | RP-34 | 15,000.00 |
| 350000000 | Other Liabilities | RP-36 | 1,614,895.00 |
| 410000000 | Fixed Assets | RP-38 | 3,872,419.00 |
| 412000000 | Capital Work In Progress | RP-40 | 9,699,118.00 |
| 460000000 | Loans,Advances and Deposits | RP-47 | 725,642.00 |
| | Closing Balance | | |
| | Bank | RP-40(b) | 19,715,130.95 |

| | | | |
|---|---|---|---|
| | Cash | RP-40(b) | 114,563.00 |
| Grand Total | | | 69,838,245.95 |

.

DEPUTY DIRECTOR

അനുബന്ധം4

# Balance Sheet As on 31 March 2017 Pinarayi Grama Panchayat

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | Liabilities | | |
| | Reserve & surplus | | |
| 310000000 | Panchayat Funds | B-1 | 14819632.75 |
| 311000000 | Earmarked Funds | B-2 | 26296.00 |
| 312000000 | Reserves | B-3 | 40140512.00 |
| | Total Reserve & surplus | | 54986440.75 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds & Contributions for Specific Purposes | B-4 | 3685235.00 |
| | Total Grants,Funds & Contributions for Specific Purposes | | 3685235.00 |
| | Loans | | |

| | | | |
|---|---|---|---|
| 330000000 | Secured Loans | B-5 | 0.00 |
| | Total Loans | | 0.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 350414.00 |
| 341000000 | Deposits works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 784007.20 |
| | Total Current Liabilities and Provisions | | 1134421.20 |
| | TOTAL LIABILIITIES | | 59806096.95 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 46296920.00 |
| 411000000 | Accumulated Depreciation | B-11 | (7554760.00) |
| 412000000 | Capital Work In Progress | B-11(a) | 143257.00 |
| | Total Fixed Assets | | 38885417.00 |
| | investments | | |
| 420000000 | Investment | B-12 | 20000.00 |
| | Total Investments | | 20000.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 600316.00 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 19829693.95 |
| 460000000 | Loans,Advances and Deposits | B-18 | 470670.00 |
| | Total Current Assets,Loans and Advances | | 20900679.95 |
| | Total Assets | | 59806096.95 |

.

DEPUTY DIRECTOR